# ധമനി

പ്രാർത്ഥന

ലാളിത്യം സ്നേഹം സേവനം

ലക്കം 1 ❖ മാർച്ച് 2021 ❖ പുസ്തകം 143



# എഡിറ്റോറിയൽ

പ്രിയപ്പെട്ട മദേഴ്സ്, സിസ്റ്റേഴ്സ്, ഫോർമേഷനിലായിരിക്കുന്ന കുഞ്ഞനുജത്തിമാരെ,

2021-ലെ ഈസ്റ്റർ സമാഗതമാവുകയാണ്. സർവ്വജനത്തെയും രക്ഷിക്കുവാനായി വന്ന നമ്മുടെ കർത്താവായ യേശുവിന്റെ 40 ദിവസത്തെ നോമ്പും, പീഢാനുഭവവും, മരണവും, ഉത്ഥാനവും അനുസ്മരിക്കുന്ന കാലയളവാണല്ലോ ഇത്. ഓരോ ക്രൈസ്തവനെ സംബന്ധിച്ചും ഓരോ സമർപ്പിതയെ സംബന്ധിച്ചും, ക്രൂശിതനായ കർത്താവിനെ കണ്ടുമുട്ടുവാനും, പീഢിതനായ അവിടുത്തെ മുമ്പിൽ നിന്ന് ജീവിതത്തെ നവീകരിക്കുവാനുമുള്ള സന്ദർഭം. വ്യക്തികളായും, സമൂഹമായും, സഭയായും നവീകരണ അനുഭവത്തിൽ പുനർസമർപ്പിക്കാനാണ് ഈ കാലയളവിൽ കർത്താവ് നമ്മോട് ആവശ്യപ്പെടുന്നതും, നാം നിറവേറ്റേണ്ടതും.

സ്വയം ശൂന്യവൽക്കരണത്തിന്റെ സന്ദേശമാണ് ഉയിർപ്പുതിരുനാൾ നല്കുന്ന ഒന്നാമത്തെ പാഠം. പൗലോസ് അപ്പോസ്തോലൻ അതെക്കുറിച്ച് ഇങ്ങനെയാണ് പറയുക. "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും, അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണം വരെ അതെ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു" (ഫിലി. 2:6-9).

ഇന്നിന്റെ മനുഷ്യൻ കാണിക്കുന്ന വലിപ്പത്തിന്റെ പൊള്ളത്തരങ്ങൾ എല്ലാം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ എളിമ. സ്വർഗ്ഗത്തിന്റെയും,

ഭൂമിയുടെയും നാഥനായവൻ നിസ്സഹായനായ ഒരു മനുഷ്യനായി. ഒരു നീച പാപിയെപ്പോലെ കുരിശുമരണം വരിക്കണമെങ്കിൽ അവിടുന്ന് എത്രമാത്രം എളിമപ്പെടണം. അതുകൊണ്ടു തന്നെ ഓരോ ഉത്ഥാനപ്പെരുനാളും നമ്മെ ക്ഷണിക്കുന്നത് ചെറുതാകാനാണ്. എളിമയുടെയും, ചെറുതാകലിന്റെയും വലിപ്പമാണ് അവിടുത്തെ നിസ്സീമമായ ക്ഷമയിൽ നാം കാണുന്നത്. തന്നെ കുരിശിലേറ്റിയവർക്കായി അവിടുന്ന് പിതാവിനോടു പറഞ്ഞു "പിതാവേ, അവരോടു ക്ഷമിക്കണമെ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23:34). ഹൃദയശാന്തതയും എളിമയുള്ളവർക്കു മാത്രമേ ക്ഷമിക്കാനും, മറക്കാനും കഴിയുകയുള്ളല്ലോ. വൈരാഗ്യത്തിന്റെയും, മത്സരത്തിന്റെയും, വാശിയുടെയും പിന്നിൽ എളിമയില്ലാത്ത അതിനു തയ്യാറാകാത്ത ഒരു അവസ്ഥയാണല്ലോ സംജാതമാകുന്നത്. ഈ അവസ്ഥയിൽ നിന്ന് പിന്മാറി, ക്ഷമിക്കാനും വിട്ടുവീഴ്ച ചെയ്യാനുമാണ് കർത്താവ് ഈ ഉയിർപ്പുതിരുനാളിൽ നമ്മോട് ആവശ്യപ്പെടുന്നത്.

കഴിഞ്ഞ നാല്പതു നാളിലെ നോമ്പാചരണത്തിലൂടെയും, ഉപവാസാദികളിലൂടെയും, താപസിക അനുഷ്ഠാനങ്ങളിലൂടെയും നമുക്ക് ലഭിച്ച പുതിയ നവീകരണ അനുഭവങ്ങളോടെ നമുക്ക് 2021-ലെ ഉത്ഥാനപ്പെരുനാളിനായി ഒരുങ്ങാം. ആഴമായ സ്നേഹത്തിന്റെയും, ക്ഷമയുടെയും നേരനുഭവങ്ങൾ നമ്മുടെ വ്യക്തിഗത ജീവിതങ്ങളിലും, കമ്മ്യൂണിറ്റികളിലും നിറഞ്ഞു നില്ക്കേണ്ട അവസരം കൂടിയാണ് ഇത്. ഉത്ഥാനത്തിന്റെ സന്തോഷവും സമാധാനവും, നമ്മുടെ ഇടയിൽ രോഗത്തിലും, പ്രയാസങ്ങളിലും ആയിരിക്കുന്ന അനേകരിലേക്ക് പകർന്നുകൊടുക്കാൻ നമുക്ക് പരിശ്രമിക്കാം. ആഗതമാകുന്ന ഉയിർപ്പ് തിരുനാളിന്റെ എല്ലാ അനുഗ്രഹങ്ങളും നിങ്ങൾക്കേവർക്കും നേരുന്നു. ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ഒത്തിരി സ്നേഹത്തോടെ,

**സി. ഡോ.ആർദ്ര എസ്.ഐ.സി**
ചീഫ് എഡിറ്റർ



# വാർത്തകൾ

## ജനറലേറ്റ്

### ക്രിസ്മസ് ആഘോഷം

2020-ലെ ക്രിസ്മസ് ശുശ്രൂഷകൾ 24-ന് രാത്രി 9 മണിയോടെ ആരംഭിച്ച് 12.30-ന് അവസാനിച്ചു. ചാപ്ളെയ്ൻ ബഹു. ജേക്കബ് അച്ചൻ ക്രിസ്മസിന്റെ എല്ലാ ശുശ്രൂഷകളും വളരെ ആഘോഷമായി ഇവിടെ നടത്തി.

### പുതുവത്സരം

2020-ൽ കോവിഡ് എന്ന മഹാമാരിയിലൂടെ ലോകം മുഴുവൻ കടന്നുപോയെങ്കിലും ദൈവത്തിന്റെ വലിയ പരിപാലന നമ്മോടൊപ്പമുണ്ടായിരുന്നല്ലോ. ദൈവം നമ്മുടെ മേൽ വർഷിച്ച അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കുന്നതിനും പുതുചൈതന്യത്തോടെ പുതിയ വർഷത്തെ വരവേൽക്കുന്നതിനും ഡിസംബർ 31-ന് രാത്രി 9.30 മുതൽ ഒരു മണിക്കൂർ നടത്തിയ ആരാധനയിലും തുടർന്ന് ബഹു. ജേക്കബ് അച്ചൻ ഇവിടെ അർപ്പിച്ച ദിവ്യബലിയിലും എല്ലാവരും പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

### ഫീസ്റ്റ്

അഭിവന്ദ്യ കാതോലിക്കാ ബാവായുടെ ഫീസ്റ്റ് ദിനത്തോടനുബന്ധിച്ച് ബഹു. മദറും സിസ്റ്റേഴ്സും പിതാവിനെ സന്ദർശിച്ച് ആശംസകൾ നേർന്നു.

## ദേവാലയ കൂദാശ

പാറശാല രൂപതയുടെ കത്തീഡ്രൽ കൂദാശയോടനുബന്ധിച്ച് മദറും സിസ്റ്റേഴ്സും അവിടെ സന്ദർശനം നടത്തുകയും, മാവേലിക്കര രൂപതയിലെ പുത്തൂർ ഇടവക ദേവാലയകൂദാശയിൽ സംബന്ധിക്കുകയും ചെയ്തു.

## പൗരോഹിത്യ സ്വീകരണം

കുരിശുമല ആശ്രമത്തിലെ ബഹു. ഡീക്കൻ അഗസ്റ്റിന്റെ പൗരോഹിത്യ സ്വീകരണശുശ്രൂഷയിലും പിറ്റെ ദിവസം വന്ദ്യ ഫ്രാൻസിസ് ആചാര്യയുടെ ചരമവാർഷികദിനമായ ജനുവരി 31-ന് നടന്ന അനുസ്മരണാചടങ്ങിലും ബഹു. അഗസ്റ്റിൻ അച്ചന്റെ പ്രഥമ ബലിയർപ്പണത്തിലും ബഹു. മദറും സിസ്റ്റേഴ്സും പങ്കെടുത്തു.

ബഥനി ആശ്രമത്തിലെ ഡീക്കന്മാരുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷകളിൽ തിരുവല്ല ആശ്രമത്തിൽ മദറും സി. ശാന്തിയും പോയി സംബന്ധിച്ചു.

## അഭിമുഖം

ബഥനി സന്ന്യാസിനി സമൂഹത്തിന്റെ ആരംഭം, വളർച്ച, ശുശ്രൂഷകൾ തുടങ്ങിയ കാര്യങ്ങളെപ്പറ്റി മലങ്കര കാത്തലിക് TVയ്ക്കു വേണ്ടി മദർ അഭിമുഖം നൽകുകയുണ്ടായി.

## മീറ്റിംഗ്

സമൂഹത്തിലെ പൊതുവായ ചില കാര്യങ്ങളിൽ തീരുമാനം എടുക്കേണ്ടതിന് മദർ ജനറലും കൗൺസിലേഴ്സും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സും ഉൾപ്പെട്ട ഒരു മീറ്റിംഗ് ജനുവരി 28-ന് ജനറലേറ്റിൽ വച്ച് നടത്തുകയുണ്ടായി.

## ക്ലാസ്

തിരുവനന്തപുരം മേജർ സെമിനാരിയിലെ 3-ാം വർഷ തിയോളജി വിദ്യാർത്ഥികൾക്ക് സിസ്റ്റർ ആർദ്ര ഫെബ്രുവരിയിൽ രണ്ടാഴ്ച ക്ലാസുകൾ നയിച്ചു.



## ആശംസകൾ നേർന്നു

ബഥനി ആശ്രമത്തിലെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട സുപ്പീരിയർ ജനറൽ പെരിയ ബഹു. മത്തായി കടവിൽ അച്ചനേയും കൗൺസിലേഴ്സിനെയും മദറും സിസ്റ്റേഴ്സും സന്ദർശിച്ച് ആശംസകൾ നേർന്നു.

## കൃതജ്ഞത

ബഥനി ആശ്രമം മുൻ സുപ്പീരിയർ ജനറൽ ബഹു. ജോസ് കുരുവിള അച്ചൻ ഫെബ്രുവരി 1-ാം തീയതി ഇവിടെയെത്തി ദിവ്യബലി അർപ്പിക്കുകയും എല്ലാവരുമൊന്നിച്ച് പ്രഭാതഭക്ഷണം കഴിക്കുകയും ചെയ്തു. കഴിഞ്ഞ ആറു വർഷങ്ങളിൽ ബഹു. അച്ചനിൽ നിന്ന് ലഭിച്ച എല്ലാ നന്മകൾക്കും ബഹു. മദർ നന്ദി അർപ്പിച്ചു.

ബഥനി ആശ്രമം ജനറലേറ്റിൽ പ്രൊക്കുറേറ്റർ ജനറൽ എന്ന കൃത്യനിർവഹണത്തോടൊപ്പം കഴിഞ്ഞ 6 വർഷങ്ങൾ ഇവിടുത്തെ ചാപ്ളെയ്ൻ ആയി സേവനം അനുഷ്ഠിച്ച് ഇവിടെ നിന്നും ട്രാൻസ്ഫറായി പോകുന്ന ബഹു. ജേക്കബ് ഈട്ടിത്തടത്തിൽ അച്ചനെ നന്ദിയോടെ ഓർക്കുന്നു. ആത്മീയ കാര്യങ്ങൾ ഒരു കോട്ടവും കൂടാതെ നിർവഹിച്ചു തരുന്നതിൽ ബഹു. അച്ചൻ ഏറെ ശ്രദ്ധയും നിഷ്ഠയും പുലർത്തിയിരുന്നു. പ്രത്യേകിച്ച് കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ. പ്രധാന തിരുനാളുകളിലെ എല്ലാ ശുശ്രൂഷകളും ഇവിടെ ആഘോഷപൂർവം നടത്തുകയുണ്ടായി. ഫോർമേഷനിലുള്ളവരുടെ വളർച്ചയിൽ പ്രത്യേക കരുതലും ശ്രദ്ധയും അച്ചന് ഉണ്ടായിരുന്നു. അച്ചൻ ടാൻസ്ഫറായി പോകുന്നതിനു മുമ്പ് ഇവിടെയെത്തി വിശുദ്ധ കുർബാന അർപ്പിക്കുകയും എല്ലാവരുമൊന്നിച്ച് പ്രഭാതഭക്ഷണം കഴിക്കുകയും തദവസരത്തിൽ ബഹു. മദർ, അച്ചൻ നൽകിയ സേവനങ്ങൾക്ക് പ്രത്യേകം നന്ദി അർപ്പിക്കുകയും ചെയ്തു.

## നിയമിക്കപ്പെട്ടു

ജനറലേറ്റിലെ ചാപ്ളെയ്നായി ആശ്രമത്തിലെ വികാർ ജനറാൾ ബഹു. ഗീവർഗീസ് കുറ്റിയിൽ (ഷാജൻ) അച്ചൻ നിയമിതനായി.

## കാനോനിക്കൽ വിസിറ്റ്

ബത്തേരി ഭാഗത്തുള്ള ഏതാനും മഠങ്ങളിൽ ജനുവരിയിലും കന്യാകുമാരി, അമ്പിളികോണം, നാഗർകോവിൽ തുടങ്ങിയ മഠങ്ങളിൽ ഫെബ്രുവരി മാസത്തിലും ബഹു. മദർ ഔദ്യോഗിക സന്ദർശനം നടത്തി.

പെരുനാട് മഠത്തിൽ സന്ന്യാസ സമർപ്പണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നോവിസ്സസിന്റെ കാനോനിക്കൽ വിസിറ്റും അതിനടുത്തുള്ള മഠങ്ങളിലെ വിസിറ്റും മദർ പൂർത്തിയാക്കി.

## നവതി ആഘോഷം

നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം സ്കൂളിന്റെ നവതി ആഘോഷപരിപാടികളിൽ സിസ്റ്റർ വിനീത സംബന്ധിച്ചു

## പിക്നിക്

നിത്യവ്രതവാഗ്ദാനത്തിനുള്ള ഒരുക്കത്തിൽ ഇവിടെയായിരിക്കുന്ന സിസ്റ്റേഴ്സിന് ചേർപ്പുങ്കൽ, ഭരണങ്ങാനം, അരുവിത്തുറ, മാന്നാനം, കുരിശുമല, രാമക്കൽമേട് എന്നിവിടങ്ങളിലേക്ക് മദർ ജനറലിന്റെ നേതൃത്വത്തിൽ ഒരു പിക്നിക് നടത്തി.

## സന്ദർശനം

അഭിവന്ദ്യ അന്തോണിയോസ് പിതാവ് ജനറലേറ്റിൽ സന്ദർശനം നടത്തുകയും ബാഹ്യകേരള മിഷനിൽ പ്രവർത്തിക്കാൻ കൂടുതൽ സിസ്റ്റേഴ്സും മഠങ്ങളും ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തു.



# തിരുവനന്തപുരം

## ഫീസ്റ്റാശംസകൾ

അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് കാർഡിനൽ ക്ലീമീസ് കാതോലിക്കാ ബാവായുടെ നാമഹേതുക തിരുനാൾ പ്രമാണിച്ച് 2020 ഡിസംബർ 30-ന് നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫീസ്റ്റ്, കലാസന്ധ്യയോടെ സമുചിതമായി ആഘോഷിച്ചു. സമീപ മഠങ്ങളിലെ സിസ്റ്റേഴ്സും സംബന്ധിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

മാവേലിക്കര രൂപതയുടെ ബിഷപ്പായ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് പിതാവിനെ സന്ദർശിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## നവ വൈദീകർക്ക് ആശംസ

ബഥനി സന്ന്യാസ വൈദീകരുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിലും പുത്തൻ കുർബാനകളിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ചു. നവ വൈദീകരെ പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## നാല്പത്തൊന്നാം ചരമദിനം

സിസ്റ്റർ ഡൊറിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയും ധൂപപ്രാർത്ഥനയും 2021 ജനുവരി 17-ന് നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. പ്രസ്തുത ചടങ്ങിന് വർക്കി ആറ്റുപുറത്ത് മോൺസിഞ്ഞോർ അച്ചൻ മുഖ്യ കാർമ്മികത്വം വഹിച്ചു.

## ജൂബിലി ആഘോഷം

മുൻ ഡി.എം മദർ ജനറിലിന്റെ ജൂബിലി ആഘോഷത്തിൽ മദറും സിസ്റ്റർ നമിതയും സംബന്ധിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിൽ ആയിരിക്കുന്ന ഫിലിപ്പ് ആന്നിയിൽ ഒ.ഐ.സി അച്ചനെ പ്രൊവിൻഷ്യൽ ഹൗസിൽ അനുമോദിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

## കൂദാശാകർമ്മം

പാറശ്ശാല ഭദ്രാസനത്തിന്റെ പുതുതായി പണികഴിപ്പിച്ച സെന്റ് മേരീസ് കത്തീഡ്രലിന്റെയും പാറോട്ടുകോണം സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി പുതുതായി പണികഴിപ്പിച്ച ദൈവാലയത്തിന്റെയും മാവേലിക്കര ഭദ്രാസനത്തിലെ പുത്തൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി പുതുതായി പണികഴിപ്പിച്ച ദൈവാലയത്തിന്റെയും നവീകരിച്ച കാരേറ്റ് ഹോളി ഫാമിലി ദൈവാലയത്തിന്റേയും കൂദാശാകർമ്മത്തിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## മീറ്റിംഗ്

2020 ഡിസംബർ 19-ാം തീയതി രാവിലെ 10 മുതൽ വൈകിട്ട് 4 വരെ അൺ എയ്ഡഡ് സ്ക്കൂളിലെ ഹെഡ്മിസ്ട്രസ്സുമാരായി സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന്റെ ഒരു മീറ്റിംഗ് നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു.

യുവ മിഷനറീസ് വാട്ട്സ് ആപ്പ് ഗ്രൂപ്പ് വഴി വൊക്കേഷൻ പ്രൊമോട്ടേഴ്സും കുട്ടികളുമായുള്ള ഒരു മീറ്റിംങ് ഡിസംബർ 23-ന് സംഘടിപ്പിച്ചു. ഒരു പ്രാർത്ഥനായോഗം പോലെ ആരംഭിച്ച മീറ്റിംഗിന് സിസ്റ്റേഴ്സ് നേതൃത്വം നല്കി. ഈ ഗ്രൂപ്പുവഴി കുട്ടികളുമായുള്ള ബന്ധം തുടരുകയും ചെയ്യുന്നു.

## ആശംസകൾ

മേരിമക്കൾ സന്ന്യാസ സമൂഹത്തിലെ പുതിയ മദർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട മദർ ലിഡിയായ്ക്കും ടീം അംഗങ്ങൾക്കും സെന്റ് മേരീസ് പ്രോവിൻസിലെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട മദർ അഞ്ജലിക്കും ടീം അംഗങ്ങൾക്കും ആശംസകളും പ്രാർത്ഥനയും ജനറലേറ്റിലും പ്രൊവിൻഷ്യലേറ്റിലും ചെന്ന് അറിയിച്ചു.

## ആസ്പിരൻസി പ്രവേശനം

സന്ന്യാസം ആഗ്രഹിച്ച് ബഥനിയിലേക്ക് ജനുവരി 3-ാം തീയതി കടന്നു വന്ന സോഫിയാ എന്ന കുട്ടിയെ ജനുവരി 15-ന് ആസ്പിരൻസിയിൽ പ്രവേശിപ്പിക്കുകയും പരിശീലനം ആരംഭിക്കുകയും ചെയ്തു.



## ജീസസ്സ് ഫ്രട്ടേണിറ്റി

ജീസസ്സ് ഫ്രട്ടേണിറ്റി സംഘടനയുടെ പ്രവർത്തനത്തിന് സി. സീലിയ, സി. അന്റോണിയ എന്നിവർ അംഗങ്ങളായി. അട്ടക്കുളങ്ങര വനിതാ ജയിൽ സന്ദർശനത്തിനു പോയി. എല്ലാ ബുധനാഴ്ചകളിലും സന്ദർശനം നടത്തുന്നു.

## എം.റ്റി.സി യിലൂടെ

ഡിസംബറിൽ ആരംഭിച്ച് ജനുവരി 30-ന് ഒരു മാസത്തെ ധ്യാനം പൂർത്തീകരിച്ച് തിരികെ പോയ വിവിധ സന്ന്യാസ സമൂഹങ്ങളിലെ സിസ്റ്റേഴ്സിനെ പ്രൊവിൻഷ്യൽ ഹൗസിൽ ഒരുമിച്ചുകൂട്ടി സ്നേഹം പങ്കുവച്ചു. 30 ന് വിവിധ സന്ന്യാസിനീ സമൂഹങ്ങളിലെ മദേഴ്സിന്റേയും സിസ്റ്റേഴ്സിന്റേയും ഒരുമിച്ചുള്ള മീറ്റിംഗിൽ വച്ച് സിസ്റ്റർ നമിത എഴുതിയ ***സന്ന്യാസ സമർപ്പിത ജീവിതം എന്ന*** പുസ്തകം പ്രകാശനം ചെയ്തു. വന്ദ്യ വർക്കി ആറ്റുപുറത്ത് മോൺസിഞ്ഞോർ അച്ചൻ പ്രകാശന കർമ്മം നിർവഹിച്ചു.

## വിരമിക്കൽ

നാലാഞ്ചിറ, കായംകുളം സ്കൂളുകളിലെ സെന്റ് ഓഫ് മീറ്റിംഗിൽ മദറിനെ പ്രതിനിധീകരിച്ച് യഥാക്രമം സിസ്റ്റർ കീർത്തന, സിസ്റ്റർ സാന്ദ്ര എന്നിവർ സംബന്ധിച്ചു. ദീർഘകാലത്തെ സ്തുത്യർഹമായ സേവനം പൂർത്തിയാക്കി മാർച്ച് 31 ന് സിസ്റ്റർ റോസില ഔദ്യോഗിക സർവ്വീസിൽ നിന്ന് വിരമിക്കുന്നു. ഏവർക്കും നന്മകൾ നേർന്നുകൊണ്ട് പ്രൊവിൻഷ്യൽ കൗൺസിലറായ സി. കീർത്തനയും അസിസ്റ്റന്റ് മദർ പ്രൊവിൻഷ്യൽ ആയ സി. സാന്ദ്രയും സംസാരിച്ചു. തുടർന്ന് നടന്ന ഭക്ഷണത്തിലും മറ്റ് പരിപാടികളിലും അവരോടൊപ്പം സേവനം ചെയ്തിരുന്ന പൂർവ്വ അധ്യാപകരും വിദ്യാർത്ഥികളും സുഹൃത്തുക്കളും കുടുംബാംഗങ്ങളും സംബന്ധിക്കുകയും ആശംസകൾ നേരുകയും ചെയ്തു. സ്തുത്യർഹമായ സേവനത്തിനുശേഷം കറ്റാനം പോപ്പ് പയസ് സ്ക്കൂളിൽ നിന്നും സിസ്റ്റർ നിഷ്ഠയും വിരമിക്കുന്നു.

## അനുമോദനം

നാലാഞ്ചിറ സെന്റ് ഗൊരേറ്റി സ്ക്കൂളിലെ 2019-20 ബാച്ചിലെ എ പ്ലസ് കിട്ടിയ കുട്ടികളെയും സ്ക്കോളർഷിപ്പ് ലഭിച്ച കുട്ടികളേയും

അനുമോദിക്കുകയും സർട്ടിഫിക്കറ്റുകളും ട്രോഫികളും വിതരണം ചെയ്യുകയും ചെയ്തു.

## നവതി ആഘോഷം

ഫെബ്രുവരി 11-ന് നടന്ന നഞ്ച്യർകുളം സ്ക്കൂളിന്റെ നവതി ആഘോഷത്തിൽ അവിടെ സേവനം ചെയ്ത സിസ്റ്റേഴ്സ് സംബന്ധിച്ചു.

## ജൂബിലി സമാപനം

വെളിയം മഠത്തിന്റെ ജൂബിലി സമാപനം 2021 ഫെബ്രുവരി 11-ന് വളരെ ലളിതമായി ചടങ്ങുകളോടെ നടന്നു. മാവേലിക്കര രൂപ താദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് കൃത ജ്ഞതാബലി അർപ്പിച്ച് പ്രാർത്ഥിച്ചു. സമീപ മഠങ്ങളിലെ സിസ്റ്റേഴ്സും ഇടവകാംഗങ്ങളും സമീപവാസികളും സംബന്ധിച്ച ചടങ്ങിൽ അസിസ്റ്റന്റ് മദർ ജനറൽ സിസ്റ്റർ ആർദ്ര ഏവർക്കും നന്ദി അർപ്പിച്ചു.

## മഠം കൂദാശ

2020 ഫെബ്രുവരി 21-ന് കല്ലിട്ട പഞ്ചാബ് ചപ്പാർ മഠത്തിന്റെ കൂദാശാകർമ്മം ലൂർദ്ദ് മാതാവിന്റെ തിരുന്നാൾ ദിനമായ 2021 ഫെബ്രു വരി 11-ന് അഭിവന്ദ്യ ബർണ്ണബാസ് പിതാവിന്റെ മുഖ്യ കാർമ്മികത്വ ത്തിൽ നടന്നു. മദർ പ്രൊവിൻഷ്യലും സിസ്റ്റർ സാന്ദ്രയും സിസ്റ്റർ ദ്യോതിസ്സും നാട്ടിൽ നിന്ന് കൂദാശാകർമ്മത്തിൽ സംബന്ധിച്ചു.

## പാസ്റ്ററൽ കൗൺസിൽ

ഫെബ്രുവരി 13-ന് കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്ന പാസ്റ്ററൽ കൗൺസിലിൽ മദർ പ്രൊവിൻഷ്യൽ സംബന്ധിച്ചു.

## ധ്യാനം

വലിയ നോമ്പിന് ഒരുക്കമായി ഒരു ഏകദിന ധ്യാനം ബഹു. ഹെൻസിലിൻ ഒ.സി.ഡി അച്ചന്റെ നേതൃത്വത്തിൽ നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു.

## 24 മണിക്കൂർ ആരാധന

ജനുവരി 9-ാം തീയതി രാവിലെ 7 മണി മുതൽ 10-ാം തീയതി രാവിലെ 7 വരെ ദൈവവിളി നിയോഗം വച്ചുകൊണ്ട് 24 മണിക്കൂർ



ആരാധന നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. പ്രോവിൻസിന്റെ എല്ലാ മന്ദിരങ്ങളിലും യൂണിറ്റു ക്രമീകരിച്ച പ്രകാരം 24 മണിക്കൂർ ആരാധന നടത്തുന്നു.

ഫെബ്രുവരി 15-ാം തീയതി വലിയ നോമ്പിന്റെ തുടക്ക ദിവ സത്തിൽ വി.കുർബാനയ്ക്കും ശുബുക്കോനോ ശുശ്രൂഷയ്ക്കും ശേഷം 24 മണിക്കൂർ ആരാധന ആരംഭിച്ചു. എല്ലാ 15-ാം തീയതികളിലും നട ത്തിയിരുന്ന ജാഗരണ പ്രാർത്ഥന പ്രൊവിൻഷ്യൽ ഹൗസിൽ 24 മണി ക്കൂർ ആരാധനയായി തുടരാൻ തീരുമാനിച്ചു. കഴിവുള്ള മഠങ്ങളും ഓരോ മണിക്കൂർ വച്ച് ആരാധിക്കുന്നു.

## ജപമാല പ്രാർത്ഥനയും വചനവായനയും

വലിയ നോമ്പു കാലമായതിനാൽ പ്രൊവിൻഷ്യൽ ഹൗസിൽ ഫെബ്രുവരി 16 മുതൽ രാവിലെ 8.15-ന് ഒരു ജപമാലയും തുടർന്ന് ഉച്ച കഴിഞ്ഞ് 3 മണി വരെ വചനവായനയും നടത്തി വരുന്നു. കരുണ യുടെ ജപമാലയോടെ അവസാനിക്കുന്നു.

## ചെയിൻ പ്രെയർ

15.02.2021 മുതൽ 28.03.2021 വരെ പ്രോവിൻസിലെ ഓരോ മന്ദി രത്തേയും സമർപ്പിച്ച് ഓരോ ദിവസവും പ്രാർത്ഥിക്കുന്നു. അതിനുള്ള ലിസ്റ്റ് ക്രമീകരിച്ച് ഓരോ മന്ദിരത്തിനും നല്കി.

## അവധിക്കാലം

ജർമ്മനിയിൽ നിന്ന് നാട്ടിലെത്തിയ സിസ്റ്റർ നിസ്തുല, സി. തേജൽ എന്നിവർ അവധിക്കാലം പൂർത്തിയാക്കി തിരികെ പോയി.

## സൂം മീറ്റിംങ്

***നാം സോദരർ*** എന്ന ഫ്രാൻസിസ് മാർപ്പാപ്പായുടെ ചാക്രിക ലേഖനത്തെ ആസ്പദമാക്കി പി.ഒ.സി.യിൽ നിന്ന് ക്രമീകരിച്ച സൂം മീറ്റിംഗിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

## അനുശോചനം

നിത്യതയിൽ പ്രവേശിച്ച പത്തനംതിട്ട രൂപതാംഗമായ മല്പാൻ ഗീവർഗ്ഗീസ് ചേടിയത്ത് അച്ചന്റെ സംസ്കാര ശുശ്രൂഷയിൽ മദറും സിസ്റ്റേഴ്സും സംബന്ധിക്കുകയും അനുശോചനം അറിയിച്ച് പ്രാർത്ഥി ക്കുകയും ചെയ്തു.

# തിരുവല്ല പ്രോവിൻസ്

## കാനോനിക സന്ദർശനം

മദർ ജനറൽ പ്രൊവിൻഷ്യൽ ഹൗസിൽ വിസിറ്റ് നടത്തി, സിസ്റ്റേഴ്സിനെയും നോവിസസ്സിനേയും candidates നെയും വ്യക്തി പരമായി കണ്ട് വേണ്ടതായ ഉപദേശങ്ങൾ നല്കുകയും പ്രാർത്ഥിച്ച് ബലപ്പെടുത്തുകയും ചെയ്തു.

## Ongoing Formation

ഡിസംബർ മാസത്തിൽ ബ. ജോളി കരിമ്പിൽ അച്ചൻ പുതിയ വീഞ്ഞ് പുതിയ തോല്ക്കുടങ്ങളിൽ  എന്ന ചാക്രിക ലേഖനത്തെ ആസ്പദമാക്കിയും ജനുവരി മാസത്തിൽ ബ. ബെന്നി നാരകത്തിനാൽ അച്ചൻ media awareness ലഭിക്കത്തക്കവിധം   അവർ കുഴലൂതട്ടെ, നിങ്ങൾ നൃത്തം ചവിട്ടരുത്.  എന്ന വിഷയത്തെ ആസ്പദമാക്കിയും ഫെബ്രുവരി ശ്രീ. ജോബി കൊണ്ടൂർ "Role of Religious Leaders in Child" എന്ന വിഷയത്തെ ആസ്പദമാക്കിയും ക്ലാസ്സുകൾ നയിച്ചു. പ്രോവിൻസിലുളള എല്ലാ സിസ്റ്റേഴ്സിനും പങ്കെടുക്കാൻ സാധിക്കുന്ന വിധത്തിൽ online വഴിയാണ് ക്ലാസ്സുകൾ ഓരോ മാസവും ആദ്യ വ്യാഴാഴ്ചകളിൽ നടത്തപ്പെടുന്നത്.

## Golden Jubilee & Silver Jubilee

ഡിസംബർ 26, 27 തീയതികളിൽ ജൂബിലേറിയൻസിനു വേണ്ടിയുളള വി. കുർബാനയും അനുമോദനസമ്മേളനവും പ്രൊവിൻഷ്യൽ ഹൗസിൽ അഭിവന്ദ്യ തോമസ് മാർ കൂറീലോസ് പിതാവിന്റെയും അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിന്റയും പെ. ബ. ജോസ് മരിയദാസ് OIC അച്ചന്റെയും കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## അവധിക്കാലം

ജർമ്മനിയിൽ നിന്ന് Sr. Mariananda അവധിക്ക് നാട്ടിൽ വന്ന് തിരികെ പോയി. Sr. Arpitha അവധിക്ക് വന്നിട്ടുണ്ട്.



## പുതുവത്സരം- ആരാധന

പുതുവത്സരത്തിന് രാത്രിയിൽ sisters, novices, candidates എന്നിവർ ചേർന്ന് നന്ദിയുടെയും സമർപ്പണത്തിന്റെതുമായ ആരാധന അർപ്പിച്ച് ലോകത്തെയും സമൂഹത്തെയും സമർപ്പിച്ചു.

## നവതി ആഘോഷം

കത്തീഡ്രൽ ദേവാലയത്തിന്റെ നവതിയോട് അനുബന്ധിച്ച് കാതോലിക്കാബാവയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ ബ. മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## Ordination

ആശ്രമവൈദീകരുടെ തിരുപ്പട്ട ശുശ്രൂഷയിൽ മദറും സിസ്റ്റേഴ്സും  സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു. നവവൈദീകർ പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ദിവ്യബലി അർപ്പിച്ചു. അവരെ അനുമോദിക്കുകയും സമ്മാനം നൽകുകയും ചെയ്തു.

## സഭൈക്യവാരപ്രാർത്ഥന

സഭൈക്യവാരപ്രാർത്ഥനകളിൽ സഹോദരീസഭാകൂട്ടായ്മകളിലും നമ്മുടെ കത്തീഡ്രൽ ദേവാലയത്തിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.

## ജനറൽ - പ്രൊവിൻഷ്യൽസ് മീറ്റിംഗ്

ജനറലേറ്റിൽ വച്ച് നടത്തപ്പെട്ട മീറ്റിംഗിൽ മദർ ലില്ലിജോസ് സംബന്ധിച്ചു.

## ന്യൂനപക്ഷക്രൈസ്തവസംരക്ഷണ മീറ്റിംഗ്

കത്തോലിക്കാ സഭയുടെ ന്യൂനപക്ഷാവകാശങ്ങൾ ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിനായി അതിരൂപതയിലെ Planning committee യിൽ അംഗങ്ങളായി സി. തേജസ് മേരിയും സി. ഫേബയും ശുശ്രൂഷ ചെയ്യുന്നു.

**40-ാം ചരമദിനം**

സി. എമിലിയുടെ 40-ാം ചരമദിനം ജനുവരി 13-ാം തീയതി ബ. അലക്സ് കണ്ണമല അച്ചന്റെയും സി. ഡൊമിനിക്കിന്റെ 40-ാം ചരമദിനം ഫെബ്രുവരി 12-ാം തീയതി അഭിവന്ദ്യ സ്തേഫാനോസ് പിതാവിന്റെയും മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കുകയും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു. സിസ്റ്റേഴ്സും കുടുംബാംഗങ്ങളും ഇതിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു.

**ശുബുക്കോനോ ശുശ്രൂഷ**

ബഹു. ജോർജ് തോമസ് OIC അച്ചന്റെ കാർമ്മികത്വത്തിൽ ശുബുക്കോനോ ശുശ്രൂഷ നടത്തപ്പെട്ടു. പരിത്യാഗത്തോടും പ്രാർത്ഥനയോടും അനുതാപത്തോടും കൂടി വലിയ നോമ്പിലേക്ക് പ്രവേശിച്ചു

# ബത്തേരി പ്രോവിൻസ്

## Educational Meeting

ഫെബ്രുവരി 8, 24, 26 എന്നി തീയതികളിൽ നടന്ന KCBC യുടെ നേതൃത്വത്തിൽ നടന്ന Online Educational Meeting ൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ആനുകാലിക പ്രശ്നങ്ങളെ കുറിച്ച് ക്ലാസ്സുകൾ എടുക്കുകയും അതേ തുടർന്ന് ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തു. പ്രസ്തുത Meeting ൽ Mother Parimala SIC യും, Provincial Councilors ഉം, & സ്കൂൾ Principal സിസ്റ്റേഴ്സും പങ്കെടുത്തു.

## KCMS Meeting

KCBC യുടെ നേതൃത്വത്തിൽ, മാനസികാരോഗ്യ പ്രശ്നങ്ങളും, വെല്ലുവിളികളും എന്നിവിഷയങ്ങളെ കേന്ദ്രീകരിച്ചു നടത്തപ്പെട്ട *കരുതൽ-Webinar*ൽ ബഹു. മദർ പ്രൊവിൻഷ്യൽ, മദർ പരിമള പങ്കേടുത്തു.

**കൂദാശകർമ്മം**

പുതുതായി പണിത ഉപ്പട്ടി മഠത്തിന്റെ കൂദാശാകർമ്മം ജനുവരി 12-ാം തിയതി അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിന്റെ



മുഖ്യകാർമികത്വത്തിൽ, ബഹു. മദർ ജനറൽ, Mother Little Flower-ന്റെയും, ബഹു. മദർ പ്രൊവിൻഷ്യൽ, മദർ പരിമളയുടെയും, ബഹു. Monsignor അച്ചന്മാരടെയും, ബഹു. വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും, ഇടവക ജനങ്ങളുടെയും സാന്നിധ്യത്തിൽ നടത്തപ്പെട്ടു.

ജനുവരി 18 -ാം തിയതി, പുതുതായി പണിത ഇചിലംബാടി മഠത്തിന്റെ കൂദാശാകർമ്മം പൂത്തൂർ രൂപതയുടെ രൂപതാദ്ധ്യക്ഷൻ, അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ, ബഹു. മദർ പ്രൊവിൻഷ്യൽ, മദർ പരിമളയുടെയും, പൂത്തൂർ രൂപതയുടെ Monsignor, ബഹു. യൽദോ പുത്തൻകണ്ടത്തിലച്ചന്റെയും, Protovicar, ബഹു. പീറ്റർ ജോൺ ഒ ഐ സി അച്ചന്റെയും, ബഹു. വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും, ഇടവക ജനങ്ങളുടെയും സാന്നിധ്യത്തിൽ നടത്തപെട്ടു.

ബാംഗ്ലൂർ മഠത്തിന്റെയും, Womens Hostel- ന്റെയും കൂദാശാകർമ്മം ഫെബ്രുവരി 1 -ാം തിയതി, അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ, ബഹു. മദർ പ്രൊവിൻഷ്യൽ, മദർ പരിമളയുടെ നേതൃത്വത്തിൽ നടത്തപെട്ടു. പൂത്തൂർ രൂപതയുടെ Monsignor, ബഹു. യൽദോ പുത്തൻകണ്ടത്തിലച്ചൻ, ബഹു. Koshy Kakkanatt Corepiscopo അച്ചൻ, മറ്റ് ബഹു. വൈദികർ, സിസ്റ്റേഴ്സ്, ഇടവക ജനങ്ങൾ, എന്നിവർ ആ മംഗളകർമ്മത്തിന് സാക്ഷ്യം വഹിച്ചു.

## General Body and Mother Provincials Meeting

ജനുവരി 28 -ാം തിയതി കോട്ടയം ജനറലേറ്റിൽ വച്ചു നടന്ന General Body & Mother Provincials Meeting ൽ ബഹു. Mother Parimala SIC സംബന്ധിച്ചു.

**അവധിക്ക് വന്നവർ**

ജർമ്മനിയിൽ നിന്ന് സി. പ്രേഷിതയും, എത്യോപ്യയിൽ നിന്ന് സി. വന്ദനയും അവധിക്ക് വന്നു

# പത്തനംതിട്ട പ്രോവിൻസ്

## ക്രിസ്തുമസ്

കോവിഡ് 19-ന്റെ പ്രത്യേകമായ സാഹചര്യത്തിൽ സിസ്റ്റേഴ്സിന് ഇടവകകളിൽ മിഷന് പോകാൻ സാധിക്കാത്തതിനാൽ പ്രൊവിൻഷ്യൽ ഹൗസിൽ ബഹുമാനപ്പെട്ട തോമസ് പവ്വത്തിൽ അച്ചന്റെ നേതൃത്വത്തിൽ ക്രിസ്മസ് ശുശ്രൂഷകൾ നടന്നു. ക്രിസ്തുമസിനോടനുബന്ധിച്ച് മദർ ഹൃദ്യ യുടെ നേതൃത്വത്തിൽ ജൂനിയർ സിസ്റ്റർ സീതത്തോട് മരിയ ഭവൻ, ശാന്തി സദൻ കടമനിട്ട എന്നിവിടങ്ങൾ സന്ദർശിക്കുകയും കരോൾ ഗാനത്തിലൂടെയും മറ്റും അവരെ സന്തോഷിപ്പിക്കുകയും ചെയ്തു.

## ആഘോഷങ്ങൾ

നങ്ങ്യാർകുളങ്ങര BBHSന്റെ നവതിയുടെ ഭാഗമായി വിദ്യാഭ്യാസത്തെ സംബന്ധിച്ച ഒരു വെബിനാർ ഫെബ്രുവരി 9-ാം തീയതി 2.30 നും, ഫെബ്രുവരി 11-ാം തീയതി നവതി സമാപനാഘോഷവും നടന്നു. കഴിഞ്ഞ 90 വർഷമായി നമ്മുടെ ഈ സ്ഥാപനത്തിലൂടെ ദൈവം ചൊരിഞ്ഞ എല്ലാ നന്മകൾക്കും നമുക്ക് നന്ദി പറയാം. ഈ സ്കൂൾ ആരംഭിച്ച നമ്മുടെ സമൂഹസ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെയും, വന്ദ്യ പിതാക്കൻമാർ, വൈദീകർ, ഇവിടെ സേവനം ചെയ്ത സിസ്റ്റേഴ്സ്, അധ്യാപക-അനധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, അഭ്യൂദയകാംഷികൾ എന്നിവരെ കൃതജ്ഞതയോടെ സ്മരിക്കാം. ഇപ്പോൾ സാരഥ്യം വഹിച്ചുകൊണ്ടിരിക്കുന്ന സിസ്റ്റർ രാജിതയ്ക്കും, എല്ലാ സിസ്റ്റേഴ്സിനും, അധ്യാപക-അനധ്യാപകർക്കും പ്രാർഥനാശംസകൾ അറിയിക്കുന്നു.

ബഥനി സന്യാസ സഭയിൽ ഈ വർഷം അഭിഷിക്തരായ നവ വൈദികരുടെ പട്ടാഭിഷേകശുശ്രൂഷയിലും പ്രഥമ ദിവ്യബലിയർപ്പണത്തിലും മദറും സിസ്റ്റേഴ്സും പോയി സംബന്ധിക്കുകയും, അവർ പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ബലി അർപ്പിക്കുകയും ചെയ്തു.

പത്തനംതിട്ട രൂപതാ ദിനാഘോഷവും ആയി ബന്ധപ്പെട്ട് മദറും സിസ്റ്റേഴ്സും അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവിനെ സന്ദർശിക്കുകയും ആശംസകൾ അറിയിക്കുകയും കത്തീഡ്രലിൽ നടന്ന വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും ചെയ്തു.



അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ ഫീസ്റ്റിന് മാവേലിക്കര അരമനയിൽ മദറും സിസ്റ്റേഴ്സും പോയി പിതാവിന് ആശംസകൾ അറിയിച്ചു.

## മിഷൻ

**"Mission & Vocation in the covid scenario"** എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ക്ലാസ് ബഥനി പ്രോവിൻഷ്യൽ ഹൗസിൽ വച്ച് 15.12.2020 ൽ നടന്നു. ബഹുമാനപ്പെട്ട **Rev. Dr. John Sankarathil OSFS** ക്ലാസ് നയിച്ചു.

## കോഴ്സ്, മീറ്റിംഗ്

പോക്സോ ആപ്പുമായി ബന്ധപ്പെട്ട് ഒരു ക്ലാസ് പത്തനംതിട്ട ചൈൽഡ് ലൈൻ കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ ഗൂഗിൾ മീറ്റിലൂടെ നടത്തപ്പെട്ടു നമ്മുടെ പ്രൊവിൻസിലെ അറുപതോളം സിസ്റ്റേഴ്സ് ഇതിൽ സംബന്ധിച്ചു.

**നാം സോദരർ** എന്ന ചാക്രിക ലേഖനത്തെ അടിസ്ഥാനമാക്കി ബഹുമാനപ്പെട്ട **Rev. Dr. Titus OIC** പത്തനംതിട്ട, റാന്നി പെരുനാട് യൂണിറ്റിന് വേണ്ടി പ്രൊവിൻഷ്യൽ ഹൗസിലും നങ്ങ്യാർകുളങ്ങര, ചെങ്ങന്നൂർ യൂണിറ്റിന് വേണ്ടി നങ്ങ്യാർകുളങ്ങര മഠത്തിലും ക്ലാസ്സ് എടുത്തു. സിസ്റ്റേഴ്സ് എല്ലാവരും അതിൽ സംബന്ധിച്ചു അതിനോടനുബന്ധിച്ച് യൂണിറ്റ് തലത്തിൽ ചർച്ചകളും പങ്കുവയ്ക്കലും നടന്നു. ജർമ്മൻ യൂണിവേഴ്സിറ്റിയിൽ നിന്ന് **Patrology** ൽ ഡോക്ടറേറ്റ് എടുത്ത അച്ചന് മീറ്റിംഗിൽ മദർ ഹൃദ്യ അഭിനന്ദനം അറിയിച്ചു.

## കൂദാശ

പത്തനംതിട്ട രൂപതയിൽ പുനരൈക്യപ്പെട്ട വന്ദ്യ പോൾ റമ്പാച്ചൻ ആയിരിക്കുന്ന സങ്കേതഭവനോടു ചേർന്നുള്ള ദേവാലയകൂദാശയിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

നവീകരിച്ച നങ്ങ്യാർകുളങ്ങര മഠം കൂദാശ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് നിർവഹിച്ചു.

## പഠനം

| | |
|---|---|
| Sister Anaswara | - Bsc Nursing, Mar Baselios College, Bhopal |
| Sister Olivia | - BA Psychology |
| Sister Merin | - Nursing, Perumpuzha |
| Sister Sancta | - MBBS, Philippines |
| Sister Roshana | - Homeopathy, Father Muller's College, Mangalapuram |
| Sister Joshna - | BA History, St. Thomas College, Kozhenchery |

## പ്രാർത്ഥനാശംസകൾ

അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് ആവശ്യപ്പെട്ടതനുസരിച്ച് ബത്തേരി രൂപത നടത്തുന്ന Mother School പയ്യന്നൂർ Co-Principal ആയി സിസ്റ്റർ നോയൽ ഉത്തരവാദിത്വം ഏറ്റെടുത്തു സിസ്റ്ററിന് പ്രാർത്ഥനാശംസകൾ

## ആദരാഞ്ജലികൾ

പത്തനംതിട്ട രൂപതയിലെ സീനിയർ വൈദികനായിരുന്ന **ഗീവർഗീസ് ചേടിയത്ത് മല്പാൻ അച്ചന്റെ** ദേഹവിയോഗത്തിൽ അനുശോചനം അറിയിച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ ബലിയർപ്പിക്കുകയും വീട്ടിലും ദേവാലയത്തിൽ വച്ച് നടത്തുന്ന ശുശ്രൂഷകളിൽ മദറും സിസ്റ്റേഴ്സും സംബന്ധിക്കുകയും ചെയ്തു. നാളിതുവരെ പത്തനംതിട്ട പ്രൊവിൻസിനു അച്ചനിലൂടെ ലഭിച്ച വൈജ്ഞാനിക ആത്മീയ നന്മകൾക്കും നന്ദി അർപ്പിക്കുന്നു. അതോടൊപ്പം അച്ചന്റെ പാവന സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു

## വിദേശം

ജർമനിയിൽനിന്ന് സിസ്റ്റർ സിദ്ധിയും (6 മാസം) സിസ്റ്റർ ജൊസീനയും അവധിക്ക് നാട്ടിലെത്തി.



## St. Joseph Year

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2020-21 വർഷം സെന്റ് ജോസഫ് ഇയർ ആയി പ്രഖ്യാപിച്ച സാഹചര്യത്തിൽ പത്തനംതിട്ട രൂപതയുടെ രണ്ട് ദേവാലയങ്ങൾ (സെൻ ജോസഫ് മലങ്കര കാത്തലിക് ചർച്ച് കാരക്കാട്, സെന്റ് ജോസഫ് മലങ്കര കാത്തലിക് ചർച്ച് കോട്ടമൺപാറ) **അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ്** തീർത്ഥാടന ദേവാലയങ്ങൾ ആയി പ്രഖ്യാപിച്ചു. പ്രഖ്യാപനത്തിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു. വിശുദ്ധ യൗസേപ്പ് പിതാവിനോടുള്ള മാദ്ധ്യസ്ഥ്യവും സംരക്ഷണവും കൂടുതൽ പ്രാപിക്കുവാൻ പ്രത്യേകമായി പ്രാർത്ഥനകൾ നടത്തുന്നു.

# മൂവാറ്റുപുഴ പ്രോവിൻസ്

## കാനോനിക്കൽ വിസിറ്റ്

ബഹു. മദർ പ്രൊവിൻഷ്യൽ ബാഹ്യകേരള മഠങ്ങൾ ഒഴികെയുള്ള എല്ലാ മഠങ്ങളിലും കാനോനിക വിസിറ്റ് പൂർത്തിയാക്കി.

## ജൂബിലി

സി. ജോസ്ന (കരിമ്പ), സി. ആനി മരിയ ( കുന്നംകുളം), സി. റാണി മരിയ (പൂന- കലേവാഡി) എന്നിവരുടെ സന്ന്യാസ വ്രതവാഗ്ദാനത്തിന്റെ സിൽവർ ജൂബിലി അവരവർ ആയിരിക്കുന്ന മഠങ്ങളിൽ ആഘോഷിച്ചു. കരിമ്പ, കുന്നംകുളം മഠങ്ങളിൽ മദർ പ്രൊവിഷ്യലും കൗൺസിലേഴ്സും പോയി പങ്കെടുത്തു. സി. റാണി മരിയയുടെ ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ അന്തോണിയോസ് പിതാവ് ദിവ്യബലിയിൽ പ്രധാന കാർമികത്വം വഹിച്ചു.

## വാർഷിക ധ്യാനം

മൂന്നാർ ആവില ധ്യാനകേന്ദ്രത്തിൽ രണ്ടു ബാച്ചുകളിലായി 18 സിസ്റ്റേഴ്സ് വാർഷികധ്യാനം നടത്തി.

## പൂന

കലേവാഡി വി. അൽഫോൻസാ പള്ളിയിൽ വെച്ച് (സീറോ മലബാർ) സമർപ്പിതരെ ആദരിക്കുന്ന ചടങ്ങിൽ അവിടെയുള്ള രണ്ടു

മഠത്തിലെയും നമ്മുടെ സിസ്റ്റേഴ്സ് പോയി സംബന്ധിച്ചു.

ദഹുറോഡ് നമ്മുടെ സെന്റ്ജോസഫ്സ് ബഥനി സ്ക്കൂളിലെ ഒരു കുട്ടിക്ക് പെട്ടെന്നുണ്ടായ മാരകരോഗത്താൽ ചികിത്സക്കായി ഭീമമായ ഒരു തുക ചെലവാക്കേണ്ടി വന്ന സന്ദർഭത്തിൽ സിസ്റ്റേഴ്സിന്റെ പരിശ്രമഫലമായി ഗുണകാംക്ഷികളെ കണ്ടെത്തി ആവശ്യമായ സാമ്പത്തിക സഹായം നൽകിയും പ്രാർഥനവഴിയായും ആ കുടുംബത്തോടു കാരുണ്യം കാട്ടുവാൻ സിസ്റ്റേഴ്സിനു സാധിച്ചു.

## ഏകദിന കൺവെൻഷൻ

മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽ വെച്ചു നടത്തിയ ഏകദിന കൺവെൻഷനിൽ ബഹു.മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## മീറ്റിംഗ്


കോട്ടയം ജനറലേറ്റിൽ വെച്ച് മദർ ജനറലും കൗൺസിലേഴ്സും പ്രൊവിൻഷ്യൽസും ഉൾപ്പെട്ട മീറ്റിംഗിൽ മദർ ഗ്ലാഡിസ് പങ്കെടുത്തു.

## സന്ദർശനം

ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് കീഴില്ലം പ്രൊവിൻഷ്യൽ ഹൗസും പോത്താനിക്കാട് ബഥനി ശാലോം ഭവനും സന്ദർശിച്ചു.

പൂന- രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അന്തോണിയോസ് പിതാവ് കീഴില്ലം പ്രവിൻഷ്യൽ ഹൗസിലും കുന്നക്കുരുടി സ്നേഹാലയത്തിലും സന്ദർശനം നടത്തി. സ്നേഹാലയത്തിൽ സിസ്റ്റേഴ്സ് ചെയ്യുന്ന സേവനത്തെ പിതാവ് പ്രത്യേകം പ്രശംസിച്ചു. പ്രൊവിൻഷ്യൽ ഹൗസിൽ പിതാവ് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് എല്ലാവരുമൊന്നിച്ച് ഭക്ഷണം കഴിക്കുകയും ചെയ്തു. ഭാരതം മുഴുവൻ സുവിശേഷം എത്തിക്കുക എന്ന സ്ഥാപക പിതാവായ മാർ ഈവാനിയോസ് പിതാവിന്റെ താത്പര്യം കണക്കിലെടുത്ത് മിഷൻ പ്രവർത്തനത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത വന്ദ്യ പിതാവ് ഊന്നി പറയുകയുണ്ടായി. ബാഹ്യകേരളത്തിലുള്ള ബഥനി സിസ്റ്റേഴ്സിന്റെ പ്രവർത്തനത്തെ പിതാവ് ശ്ലാഘിച്ചു സംസാരിക്കുകയും മിഷൻപ്രദേശങ്ങളിൽ പുതിയ മഠങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുകയും ആന്ധ്രയിൽ ഒരു മഠം തുടങ്ങേണ്ടതിന്റെ ആവശ്യകത എടുത്തു പറയുകയും ചെയ്തു.






# പിതൃഹൃദയത്തോടെ (Patris Corde)

സി. ഡോ.ആർദ്ര എസ്.ഐ.സി

2020 ഡിസംബർ 8-ാം തീയതി മറിയത്തിന്റെ അമലോത്ഭവ ത്തിരുന്നാൾ ദിവസം പരി. ഫ്രാൻസിസ് മാർപ്പാപ്പ പുറപ്പെടുവിച്ച അപ്പൊസ്തോലിക ലേഖനമാണ് പിതൃഹൃദയത്തോടെ (Patris Corde) എന്ന തിരുവെഴുത്ത്.

9-ാം പീയൂസ് മാർപ്പാപ്പ ആഗോള സഭയുടെ മദ്ധ്യസ്ഥനായി വി. യൗസേപ്പിനെ പ്രഖ്യാപിച്ചതിന്റെ നൂറ്റിഅൻപതാം വാർഷികവേളയിലാണ് ഈ അപ്പോസ്തോലിക് ലേഖനം ലോകത്തിന് സമർപ്പിച്ചത്. 7 തലക്കെട്ടുകളോടെ രചിക്കപ്പെട്ട ഈ അപ്പോസ്തോലിക ലേഖനത്തിലൂടെ വിശുദ്ധ യൗസേപ്പ് പിതാവിനെ ആദരിക്കുക, അവിടുത്തെ മാദ്ധ്യസ്ഥം അപേക്ഷിക്കാൻ പ്രേരിപ്പിക്കുക, അദ്ദേഹത്തിന്റെ പുണ്യങ്ങളും ഗുണങ്ങളും, ഉത്തമമാതൃകയാക്കുവാൻ പ്രചോദിപ്പിക്കുക എന്നതാണ് പരി. പിതാവിന്റെ ഉദ്ദേശം.

## സുവിശേഷങ്ങളിലെ വിശുദ്ധ യൗസേപ്പ്

വിശുദ്ധ മത്തായി, വി. ലൂക്കാ എന്നീ സുവിശേഷകന്മാരാണ് യൗസേപ്പിനെക്കുറിച്ചുള്ള ഒരു വാഗ്മയ ചിത്രം നമുക്ക് നൽകിയിരിക്കുന്നത്. ദാവീദിന്റെ വംശാവലിയിൽ പിറന്ന (മത്താ. 1:16-20) ക്രിസ്തുവിന്റെ പിതാവ് എന്ന നിലയിലും, നസ്രത്തിലെ

മറിയത്തിന്റെ ജീവിതപങ്കാളി എന്ന നിലയിലും പുതിയനിയമത്തിലും പഴയനിയമ ത്തിനും ഇടയിലുള്ള കണ്ണിയായിട്ടാണ് വി. യൗസേപ്പിന്റെ സ്ഥാനം.

യൗസേപ്പ് ഒരു സാധാരണ മനുഷ്യനായിരുന്നു. സ്നേഹനിധി യായ ഒരു മരപ്പണിക്കാരൻ (മത്താ. 13:55), മറിയവുമായി വിവാഹം നിശ്ചയിക്കുന്ന ഒരുവൻ (cf. മത്താ. 1:18; ലൂക്കാ 1:27), നാലു സ്വപ്നങ്ങളിലൂടെ തന്നിലെത്തിയ ദൈവഹിതം നിറവേറ്റാൻ സദാ സന്നദ്ധനായിരുന്ന നീതിമാനായ ഒരു ചെറുപ്പക്കാരൻ (മത്താ. 1:20; 2:13; 19:22; ലൂക്കാ 2:22,27,30); സുവിശേഷകർ അദ്ദേഹത്തെക്കുറിച്ച് എഴുതിയിരിക്കുന്നത് ഈ വിധത്തിലാണ്.

**അപ്പസ്തോലിക ലേഖനത്തിന്റെ ഉള്ളടക്കം**

യൗസേപ്പ് പിതാവിന്റെ പിതൃത്വത്തിന്റെ വിവിധ മാനങ്ങളെ ഏഴു ശീർഷകങ്ങളിലൂടെയാണ് പരി. ഫ്രാൻസിസ് മാർപ്പാപ്പ സംഗ്രഹിച്ചിരി ക്കുന്നത്. ഒരു പിതാവിന്റെ ഹൃദയത്തോടെ തിരുക്കുടുംബത്തിന്റെ സംരക്ഷണവും, പരിപാലനയും നിർവ്വഹിച്ചതിന്റെ വെളിച്ചത്തിലാണ് പരി. പിതാവ് തന്റെ ചിന്തകളെ ഇപ്രകാരം രൂപപ്പെടുത്തിയിരിക്കുന്നത്.

**ഒരു വത്സലപിതാവ്**

ദൈവത്തിന്റെ വാത്സല്യസ്നേഹം അവിടുന്ന് ഇസ്രായേലിനു നല്കി. വി.ഗ്രന്ഥം ഇപ്രകാരം സാക്ഷിക്കുന്നു. ഇസ്രായേൽ ശിശുവായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു. എഫ്രായിമിനെ നടക്കാൻ പഠിപ്പിച്ചത് ഞാനാണ്. ഞാൻ അവരെ എന്റെ കരങ്ങളിൽ എടുത്തു. ഞാൻ കുനിഞ്ഞ് അവർക്ക് ഭക്ഷണം നൽകി ( cf. ഹോസി. 11:3-4). ദൈവം ഇസ്രായേലിനോടു കാണിച്ച വാത്സല്യം യൗസേപ്പ് യേശുവിനോടും കാണിച്ചു. ഒരു പിതാവ് മകനെ വളർത്തുന്നതുപോലെ അവനെ വളർത്തി, അവനിലേക്ക് കുനിഞ്ഞ്, അവനു ഭക്ഷണം നൽകി. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെ യും പ്രീതിയിൽ വളരുന്നതിന് (ലൂക്കാ 2:52) യൗസേപ്പ് സാക്ഷിയായി രുന്നു. ഒരു ശിശുവിന്റെ ഹൃദയഭാവത്തോടെ ഈ സ്നേഹപിതാവിനെ വിശ്വാസികളായ നമുക്കും സമീപിക്കാവുന്നതാണ്.

**സ്നേഹാർദ്രനായ പിതാവ്**

ആർദ്രമായ സ്നേഹമാണ് യൗസേപ്പിന് പരി. മറിയത്തോടും ഈശോയോടും ഉണ്ടായിരുന്നത്. ദൈവത്തിന്റെയും മനു ഷ്യരുടെയും



പ്രീതിയിൽ ജ്ഞാനത്തിലും പ്രായത്തിലും (ലൂക്കാ 3:52) യേശുവിനെ വളർത്തുന്നതിൽ യൗസേപ്പിന് വലിയൊരു പങ്കുണ്ടായി രുന്നു. യേശുവിന്റെ അനുദിന ജീവിതചര്യയിൽ അവനെ കൈപിടിച്ച്, നടത്തിയ യൗസേപ്പ് തന്റെ മകനെക്കുറിച്ചുള്ള, ദൈവത്തിന്റെ പദ്ധതികളിൽ വിഹ്വലനായിത്തീരുന്ന സന്ദർഭങ്ങൾ ഉണ്ടായിരുന്നിട്ടും; ഒരപ്പനെന്ന നിലയിൽ ദൈവഹിതം നിറവേറ്റാൻ സന്നദ്ധനായിരുന്നു. നമ്മുടെ ഭയാശങ്കകളിലും ബലഹീനതകളിലും, കുറവുകളിലും, ദൈവം സമീപസ്ഥനാണെന്നും വിശ്വാസപൂർവം അവ തരണം ചെയ്യണമെന്നും വി. യൗസേപ്പ് നമ്മോടു പറയുന്നു.

**സ്നേഹത്തോടെ അനുസരിക്കുന്ന ഒരു പിതാവ്**

ദൈവഹിതം മറിയത്തോടെന്നതുപോലെ യൗസേപ്പിനും ലഭി ച്ചത് ദൈവിക ഇടപെടലുകളിലൂടെയായിരുന്നു. ദൈവിക പദ്ധതികൾ സ്വപ്നത്തിലൂടെ ലഭിച്ച യൗസേപ്പ്, ദൈവികമായ അനുസരണയോടെ അവ സ്വീകരിച്ചു. നസ്രത്തിൽ നിന്നും തനിക്ക് വിവാഹനിശ്ചയം ചെയ്യപ്പെട്ട മറിയം പരി. ആത്മാവിനാൽ ഗർഭവതിയാണെന്നും, അവളെ ഉപേക്ഷിച്ചു കളയാതെ സ്വീകരിക്കണമെന്നും, ദൈവം സ്വപ്നത്തിലൂടെ അറിയിച്ചപ്പോൾ (മത്താ.1:20,21) യൗസേപ്പ് അത് ദൈവികമായ നടത്തിപ്പുകളായി കണ്ടു സ്വീകരിച്ചു. പിന്നീട് ബേത്‌ലഹേമിലേക്കുള്ള യാത്രയും, ഈജി പ്തിലേക്കുള്ള ഒളിച്ചോട്ടവും പ്രവാസജീവിതവും, ഭൗതികമായി ഒട്ടേറെ സഹനങ്ങൾ സമ്മാനിച്ചു എങ്കിലും, ദൈവ ഹിതത്തിന് തന്നെത്തന്നെ വിധേയപ്പെടുത്തി, അനുസരണയോടെ എല്ലാം പൂർത്തിയാക്കി. യേശു ഒരു ശിശുവെന്ന നിലയിൽ അനുസ രണം അഭ്യസിക്കുന്നതിനുള്ള പാഠങ്ങൾ തന്റെ പ്രഥമ ഗുരുവായ വി. യൗസേപ്പിൽ നിന്നാണ് സ്വീകരിച്ചത്.

**എല്ലാം സ്വീകരിക്കുന്ന പിതാവ്**

ദൈവപദ്ധതികൾ മാനുഷിക ബുദ്ധിയിൽ അഗ്രാഹ്യമായിരുന്നു വി. യൗസേപ്പിന്. അവിവാഹിതയും ഗർഭിണിയുമായ മറിയത്തെ ഭാര്യ യായി സ്വീകരിച്ചു സംരക്ഷിക്കുന്നതിൽ യഹൂദനിയമത്തെ മറികടന്നു യൗസേപ്പ്. മറിയത്തെ അപകീർത്തിപ്പെടുത്താൻ ഇഷ്ടപെടാതിരുന്ന യൗസേപ്പ് അവളുടെ അന്തസ്സും, അഭിമാനവും നിലനിർത്തിക്കൊണ്ട് അവളെ സ്വീകരിക്കാൻ തയ്യാറായി. ദൈവഹിതം സ്വീകരിക്കുന്ന യൗസേപ്പ് തന്റെ ജീവിതത്തിൽ ദൈവം നല്കുന്ന എല്ലാ സന്തോഷ സന്താപ സാഹചര്യങ്ങളേയും തുറന്ന മനസ്സോടെ ഏറ്റെടുത്തു.

മറ്റുള്ളവരെ അവർ ആയിരിക്കുന്ന അവസ്ഥയിൽ സ്വീകരിക്കാനും അംഗീകരിക്കാനും, യൗസേപ്പിന്റെ ജീവിതം നമുക്ക് പ്രചോദനം നല്കുന്നു.

**സർഗ്ഗാത്മക ധൈര്യമുള്ള പിതാവ്**

തന്റെ ജീവിതത്തിൽ നേരിടേണ്ടിവന്ന വെല്ലുവിളികളെ അസാധാരണമായ സർഗ്ഗശക്തിയോടെ ആണ് വി. യൗസേപ്പ് നേരിടുന്നത്. യേശുവിന്റെ ശൈശവ ജീവിതവും, വളർച്ചയും, പരസ്യജീവിതകാലം വരെ വ്യക്തമായി സുവിശേഷത്തിൽ വെളിപ്പെടുത്തുന്നില്ല. തന്റെ രക്ഷാകരമായ പദ്ധതികളെക്കുറിച്ച് യൗസേപ്പ് യഥോചിതം ഗ്രഹിച്ചുണ്ടാവില്ല എന്നു തന്നെ നമുക്ക് പറയാൻ സാധിക്കും. എന്നാൽ യൗസേപ്പ് എന്ന മാനുഷിക "അത്ഭുതം" ഉപയോഗപ്പെടുത്തി ക്കൊണ്ടാണ് യേശുവിന്റെയും മറിയത്തിന്റെയും സംരക്ഷണം ദൈവം കൈകാര്യം ചെയ്തത്. യൗസേപ്പിനെപ്പോലെ ദൈവഹിതം സ്വീകരിക്കാൻ നാം തയ്യാറാവുമ്പോൾ നമ്മുടെ കൊച്ചു കൊച്ചു പ്രശ്നങ്ങളെ അതിജീവിക്കാനുള്ള കൃപ നമ്മിൽ വന്നു നിറയുകയും, നമ്മുടെ പ്രശ്നങ്ങളെ അവിടുന്ന് വലിയ അവസരങ്ങളായി പരിവർത്തനപ്പെടുത്തുകയും ചെയ്യും.

**കർമ്മനിരതനായ പിതാവ്**

മരപ്പണിക്കാരനായിരുന്ന വി. യൗസേപ്പ്. തന്റെ പുത്രനായ യേശുവിന് തന്റെ അദ്ധ്വാനത്തിന്റെ വിയർപ്പുകൊണ്ടാണ് അപ്പം കൊടുത്തിരുന്നത്. അതുവഴിയായി യേശുവിന് അദ്ധ്വാനത്തിന്റെ മഹത്വവും, വിയർപ്പിന്റെ വിലയും ചെറുപ്പത്തിൽ തന്നെ മനസ്സിലാക്കിക്കൊടുത്തു. തൊഴിലില്ലായ്മയുടെ രൂക്ഷത അനുഭവിക്കുന്ന യുവതലമുറയ്ക്ക്, വി. യൗസേപ്പിന് തൊഴിലിനോടുള്ള സമീപനം മനസ്സിലാക്കണം. ജോലി അത് ഏതു വിധത്തിലുള്ളതായാലും മാന്യതയുള്ളതാണ്. ജീവിതത്തിന്റെ സുസ്ഥിതിക്കും, സമൂഹത്തിന്റെ നിർമ്മിതിയിൽ ഉൾച്ചേരുന്നതിനും തൊഴിൽ നമ്മെ സഹായിക്കുന്നു. മാത്രമല്ല ജോലിയിൽ ഏർപ്പെടുന്നവർ, ദൈവത്തിന്റെ സൃഷ്ടിപരമായ കർമ്മത്തോടു തന്നാൽ കഴിയുംവിധം സഹകരിക്കുകയുമാണ് ചെയ്യുന്നത്.

**ദൈവത്തിന്റെ നിഴലായ പിതാവ്**

യേശുവിനെ പരിപാലിക്കുകയും സംരക്ഷിക്കുകയും, അവിടുത്തെ അടുത്തിരുന്നു സ്നേഹിക്കുകയും ചെയ്യുന്ന യൗസേപ്പ്, സ്വർഗ്ഗ



പിതാവിന്റെ ഭൂമിയിലെ നിഴലാണ്. ശിശുവിനു ജന്മം നല്കിയതു കൊണ്ടു മാത്രം ഒരാൾ പിതാവെന്ന മഹനീയ സ്ഥാനത്തിന് അർഹനാകുന്നില്ല. ആ കുഞ്ഞിന്റെ പരിപാലനം ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കുമ്പോഴാണ് അയാൾ യഥാർത്ഥത്തിൽ പിതാവാകുന്നത്. ഇത്തരത്തിൽ മറ്റുള്ളവരുടെ ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നവരാണ് പിതാക്കന്മാർ. ഒരു കുഞ്ഞിന്റെ കഴിവിനനുസരിച്ച് ഉത്തരവാദിത്വത്തോടെ വളരാൻ അനുവദിക്കുന്നവരാണ് യഥാർത്ഥ പിതാക്കന്മാർ. ദൈവം മനുഷ്യനു നല്കിയിരിക്കുന്ന പിടിച്ചു കെട്ടില്ലാത്ത പിതൃസ്നേഹത്തിന്റെ പ്രതിരൂപമാണ് വി. യൗസേപ്പ്. യേശുവിനെയും, മറിയത്തെയും തന്റെ ജീവിതത്തിന്റെ കേന്ദ്രമാക്കി അവരെ സ്നേഹിക്കാനും, സംരക്ഷിക്കാനും, പരിപാലിക്കാനും പിതൃഹൃദയത്തോടെ സമർപ്പിക്കുന്ന വി. യൗസേപ്പ് എല്ലാ ഭൗതീക-ആത്മീയ പിതാക്കന്മാർക്കും ഉത്തമമായ മാതൃകയാണ്.

150 വർഷങ്ങൾക്കു മുമ്പ് വി. യൗസേപ്പിനെ പരിശുദ്ധ സഭയുടെ സംരക്ഷകനായി പ്രഖ്യാപിക്കുമ്പോൾ സഭയുടെ അടിസ്ഥാനമായ കുടുംബങ്ങൾക്കാണ് ആ പുണ്യപിതാവ് സംരക്ഷകനായിത്തീർന്നത്. 150 വർഷങ്ങൾ പിന്നിട്ട് ലോകം ഇന്ന് മുമ്പോട്ടു പോകുമ്പോൾ തിന്മയുടേയും, രോഗത്തിന്റെയും, മരണത്തിന്റെയും താഴ്വരയിലാണ് നാം എന്ന് തിരിച്ചറിയുന്നു. ഇവിടെ മനുഷ്യൻ ആരുടെ പക്കലേക്ക് പോകും എന്ന ആകുലതയിലാണ്. വി. ബൈബിളിൽ പഴയനിയമത്തിൽ ഫറവോയുടെ ധാന്യപ്പുരയുടെ കാര്യസ്ഥനായിരുന്ന യാക്കോബിന്റെ മക്കളിൽ ഒരുവനായ യൗസേപ്പിന്റെ പക്കലേക്കാണ് ക്ഷാമം ഇസ്രായേലിൽ കൊടുമ്പിരി കൊണ്ടപ്പോൾ ജനം അഭയം കണ്ടെത്തിയത് (ഉത്പ. 41:55).

വി. യൗസേപ്പ് ഈ കാലഘട്ടത്തിൽ ദൈവകൃപയുടെയും, സ്വർഗ്ഗീയ സമ്പത്തിന്റെയും കാര്യവിചാരകനാണ്. കുടുംബങ്ങൾ ഓരോന്നും, സഭ മുഴുവനായും വി. യൗസേപ്പിന്റെ പക്കലേക്ക് പോകേണ്ട സമയം ഇതാ സമാഗതമായിരിക്കുന്നു. പരി. ഫ്രാൻസിസ് പാപ്പായുടെ പിതൃവാത്സല്യത്തോടെയുള്ള ഈ അപ്പസ്തോലിക ലേഖനം Patris Corde വി. യൗസേപ്പിന്റെ അടുക്കലേക്ക് പോകുവാൻ നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ!

# നമുക്ക് വിശുദ്ധരാകാം

സിസ്റ്റർ ബഞ്ചമിൻ (തിരുവല്ല)

എനിക്കും വിശുദ്ധയാകണമെന്ന് സന്ന്യാസജീവിതത്തിൽ പല പ്രാവശ്യം ആഗ്രഹിച്ചിട്ടുള്ളവരാണ് നമ്മളോരോരുത്തരും. വിശുദ്ധ ഗ്രന്ഥത്തിൽ ഒരുകൊച്ചുവചനത്തിലൂടെ കർത്താവ് അരുളിചെയ്യുന്നു വിശുദ്ധമായവ വിശുദ്ധിയോടെചെയ്യുന്നവർ വിശുദ്ധരായിത്തീരും.( ജ്ഞനം6:10) എന്താണ് ഈ തിരുവചനത്തിന്റെ അർത്ഥം? ദൈവം നമ്മുടെ അനുദിനജീവിതത്തിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന കടമകൾ, അനുവദിക്കുന്ന അനുഭവങ്ങൾ ഇവയെല്ലാം വിശുദ്ധമായി കാണുവാനും അവയോടെല്ലാം ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് വിശുദ്ധമായി പ്രതികരിക്കുവാനും സാധിച്ചാൽ നമുക്കും വിശുദ്ധരാകാം. അപ്പോഴാണ് നമ്മുടെ ഓട്ടം വിജയകരമായി നാം പൂർത്തിയാക്കുന്നത്.

## വിശുദ്ധിയിലേക്കുള്ള വിളി

അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്.നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരുക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ (1 പത്രോ. 1:15). വിളിക്കപ്പെട്ട വിളിക്ക് യോഗ്യമായി നാം ജീവിക്കണം (എഫേ. 4:1). നമ്മൾ തന്നെ തന്നേയും മറ്റുള്ളവരേയും ദൈവത്തിന്റെ ആലയമായി കാണണം. ഇതിന് വലിയ ദൈവകൃപ ആവശ്യമാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ ക്രിസ്ത്യാനികളെ വിശുദ്ധരായി കണ്ടിരുന്നതായി അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കും.

## അപ്രതീക്ഷിത സംഭവങ്ങൾ.

ജീവിതത്തിൽ പ്രതീക്ഷിക്കാത്തതം ആഗ്രഹിക്കാത്തതുമായ സംഭവങ്ങൾ ചിലപ്പോൾ പെട്ടെന്ന് ഉണ്ടായി എന്നുവരാം. മാരകമായ രോഗം, മഹാമാരി, സാമ്പത്തികതകർച്ച, അപകടങ്ങൾ ഇങ്ങനെ പലതും. അവ



യെല്ലാം വിശുദ്ധമായി കാണുവാനും വിശുദ്ധിയോടെ കൈകാര്യം ചെയ്യുവാനും പരസ്പരം ശക്തിപ്പെടുത്തുവാനും നമുക്ക് സാധിക്കണം. നമുക്കുവേണ്ടി കുരിശുവഹിക്കുകയും കുരിശിൽ ആത്മാർപ്പണം ചെയ്യുകയും ചെയ്ത കർത്താവാണ് നമ്മുടെ തോളിലും കുരിശുവച്ചു തന്നത്. അത് സ്നേഹപൂർവം ചുംബിച്ച് സ്വീകരിച്ചവരാണ് നമ്മൾ. ജീവിതത്തിന്റെ കനൽ വഴികളിൽ അതു വിസ്മരിക്കപ്പെടാതിരുക്കാൻ നമുക്ക് ശ്രമിക്കാം. അവിടെയാണ് നമ്മളുടെ ആത്മീയ ജീവിതത്തിന്റെ മാറ്റുരച്ചുനോക്കുന്നത്. സ്വർണ്ണം അഗ്നിയാൽ ശുദ്ധീകരിക്കപ്പെടണമല്ലൊ.

വിശുദ്ധ ഗ്രന്ഥത്തിലെ ജോബിന്റെ ജീവിതം വലിയ മാതൃകയാണ്. വളരെ ദൈവഭക്തിയിലും സന്തോഷത്തിലും ജീവിച്ചിരുന്ന കുടുംബമായിരുന്നു ജോബിന്റേത്. അപ്രതീക്ഷിതമായി ഒന്നിനു പുറകെ ഒന്നായി എല്ലാം നഷ്ടപ്പെടുകയാണ്. തന്റ സർവസ്വമായിരുന്ന മക്കൾ , സമ്പത്ത്, ആരോഗ്യം, എല്ലാമെല്ലാം – അതുവരെ തന്നോടുകൂടെ ഉണ്ടായിരുന്ന സ്നേഹിതരും അവസാനം ഭാര്യപോലും അദ്ദേഹത്തെ ഒറ്റപ്പെടുത്തി. ജോബു പതറിയില്ല, ദൈവത്തിനെതിരായി പരാതിപ്പെട്ടില്ല. ദൈവത്തിൽനിന്ന് ന കൾ സ്വീകരിച്ചപ്പോൾ ഉണ്ടായിരുന്ന സന്തോഷം അദ്ദേഹം അനുസ്മരിച്ചു. വിശുദ്ധമായി വലിയ തകർച്ചയെ സ്വീകരിച്ചു. ദൈവത്തെ മഹത്വപ്പെടുത്തി. ഗോതമ്പുമണി നിലത്തുവീണ് അഴിയാതെ ഫലം പുറപ്പെടുവിക്കയില്ലല്ലോ. സഹനമാണ് നമ്മെ വിശുദ്ധീകരിക്കുന്നത്.

## ശക്തി സംഭരിക്കുക

ശക്തി ക്ഷയിക്കുമ്പോൾ നമ്മൾ കൂടുതൽ ശക്തി സംഭരിക്കുമല്ലോ. നമ്മുടെ ശാരീരിക ആരോഗ്യം കുറയുമ്പോൾ ശക്തി കിട്ടാൻ നമ്മൾ പലതും ചെയ്യും. ആത്മീയ ജീവിതത്തിലും ഇത് വളരെ ആവശ്യമാണ്. ശക്തിയുടെ ഉറവിടമായ കർത്താവിലേക്ക് കൂടുതലായി അടുക്കണം. നമ്മെ ശക്തനാക്കുന്നവൻ കർത്താവാണ്. അവനിലൂടെ എല്ലാം ചെയ്യുവാൻ എനിക്കു സാധിക്കും. (ഫിലി. 4:13) കൂടുതലായി പ്രാർഥിക്കണം. വിശുദ്ധ കുർബാനയിൽ നിന്നുള്ള ശക്തി നമ്മുടെ ആത്മാവിലേക്ക് പ്രവഹിക്കണം. “ ശക്തനായവൻ എനിക്ക് വലിയ

കാര്യങ്ങൾ ചെയ്തിരിക്കുന്നു" എന്നു പ്രഘോഷിച്ച പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം കൂടുതലായി യാചിക്കണം. തിരുവചനം നമുക്ക് ശക്തിയും ബലവുമായി മാറണം. തിരുവചനം വായിക്കണം, ധ്യാനിക്കണം, കേൾക്കണം, പങ്കുവയ്ക്കണം. തിരുവചനം നമ്മുടെ ഭക്ഷണമായി തീരണം. മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിന്റെ വചനംകൊണ്ടുമാണ് ജീവിക്കേണ്ടത് എന്നല്ലേ നമ്മുടെ കർത്താവു പഠിപ്പിച്ചത്.

വിശുദ്ധരുടെ വലിയ ജീവിതമാതൃകകൾ നമ്മുടെ മുമ്പിലുണ്ട്. അവർ വലിയ പ്രതിസന്ധികളെ അതിജീവിച്ചവരാണ്. പുണ്യവാ ാരുടെ ഐക്യത്തിൽ വിശ്വസിക്കുന്ന നമ്മൾ അവരുടെ മാദ്ധ്യസ്ഥം യാചിക്കണം. നമ്മുടെ സ്വഭാവത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന തിന്മകളുടെ സ്വാധീനത്തിന് നമ്മൾ കീഴ്പ്പെടരുത്. ദൈവം നമ്മുക്ക് നല്കിയ ദാനങ്ങൾകൊണ്ട് ദൈവത്തെ നിന്ദിക്കരുത്. സാത്താന്റെ ശക്തി ചെറുത്ത് നിൽക്കണം. (എഫേ. 6:10-17) നമ്മിലെ അഹംങ്കാരം, അസൂയ, വിരോധം, വെറുപ്പ് ആസക്തികൾ ഇവയെപ്പറ്റിയെല്ലാം നമ്മൾ ബോദ്ധ്യമുള്ളവരായിരിക്കണം. അങ്ങനെ നമ്മൾ പ്രകാശത്തിന്റെ തീരത്തണയണം. അനേകരെ പ്രകാശിപ്പിക്കണം.

കാരുണ്യവാനും മഹാപരിശുദ്ധനും ഞങ്ങളുടെ സർവസ്വവുമായ ദൈവമെ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു, മഹത്വപ്പെടുത്തുന്നു. ഞങ്ങളെ അങ്ങയുടെ സ്വന്തമായി വിളിച്ചതിനെ ഓർത്ത് അങ്ങേക്ക് നന്ദി പറയുന്നു. ഞങ്ങളേയും അങ്ങേ വിശുദ്ധ ാരുടെ ഗണത്തിൽ ചേർക്കണെയെന്നു പ്രാർഥിക്കുന്നു. ഇത് ലക്ഷ്യമാക്കി ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണെ. പരിശുദ്ധ അമ്മേ, ഞങ്ങളുടെ പ്രീയപ്പെട്ട വിശുദ്ധരെ നിങ്ങളുടെ മാദ്ധ്യസ്ഥം എപ്പോഴും ഞങ്ങൾക്കുണ്ടായിരിക്കണെ, ആമ്മീൻ.



# ഒരു വസന്തകാല അനുഭവം

**നോവിസ്സസ്, പെരുനാട്**

ഓരോ ദൈവവിളിയും നന്മ ചെയ്യാനല്ല, മറിച്ച് ദൈവഹിതം നിറവേറ്റാനാണ്. എന്തും ഏതും ഞൊടിയിടയിൽ മനുഷ്യന്റെ വിരൽതുമ്പിൽ ലഭ്യമാകുന്ന ഈ ആധുനിക യുഗത്തിൽ ലോകത്തിന്റെ യുക്തിവിചാരങ്ങളിൽനിന്ന് വഴിമാറി നടക്കുന്ന ഒരുകൂട്ടം മക്കളാണല്ലോ സമർപ്പിതർ. അപ്രകാരം ദൈവത്തിനുവേണ്ടി ഇറങ്ങിത്തിരിച്ച് ബഥനി മ്ശിഹാനുകരണ സന്ന്യാസിനി സമൂഹത്തിൽ സന്ന്യാസത്തിന്റെ വസന്തകാലമായ നോവിഷ്യേറ്റ് പരിശീലനത്തിലായിരിക്കുന്ന നവശിഷ്യകളുടെ വസന്തകാല അനുഭവത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുകയാണിവിടെ.

പെരുനാട് മുണ്ടൻമലയുടെ സമീപത്തായി സ്ഥിതിചെയ്യുന്ന മാർ ഈവാനിയോസ് ബഥനി മഠം പുറമേനിന്ന് വീക്ഷിച്ചാൽ വളരെ പ്രത്യേകതയുള്ള ഒരു ഭവനമായി തോന്നുകയില്ല. ചെടികളും പൂക്കളും ഫലവൃക്ഷങ്ങളും തണൽമരങ്ങളും കൊണ്ട് മനോഹരമായ അന്തരീക്ഷം. അകത്തേക്ക് ചുവടുകൾ വയ്ക്കുമ്പോൾ നാഥന്റെ ചാരെ അണയാൻ ഒരു ചാപ്പൽ ഉണ്ട്. ഇവിടെ വർഷങ്ങളായി നിരവധി പേരുടെ പ്രാർത്ഥനയും കണ്ണുനീരും സ്തുതികളും അർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവയൊക്കെ ഇവിടെ പരിശീലനത്തിലൂടെ കടന്നുപോയവരുടെ ജീവിതത്തിന് കരുത്തേകുന്നു. നവശിഷ്യ പരിശീലനത്തിനായി കടന്നുവന്ന ഞങ്ങളും ആദ്യം കണ്ടുമുട്ടിയത് പ്രാർത്ഥനകളുടെ മാറ്റൊലി നിലനില്ക്കുന്ന തമ്പുരാന്റെ ഈ ആലയത്തിലാണ്. ഇവിടെ തുടങ്ങുന്നു ഞങ്ങളുടെ ലോകം. 2019 ഏപ്രിൽ 17 ന് പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് തിരുമനസ്സിന്റെ അനുഗ്രഹാശിസുകളോടെ ചരിത്രമുറങ്ങുന്ന പെരുനാടിന്റെ മണ്ണിൽ സിസ്റ്റർ അനന്തയുടെ നേതൃത്വത്തിൽ ഞങ്ങളുടെ പരിശീലനം ആരംഭിച്ചു. "എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തു വഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും "(ഫിലി. 4:19) എന്ന തിരുവചനം ഈ രണ്ടു വർഷക്കാലം ഞങ്ങളുടെ ജീവിത

ത്തിൽ അന്വർത്ഥമാകുകയായിരുന്നു.

"ഇവിടെ നിന്നുയരുന്ന പ്രാർത്ഥനകൾക്കുനേരെ എന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും. എന്റെ നാമം ഇവിടെ എന്നേക്കും നില നിൽക്കേണ്ടതിന് ഞാൻ ഈ ആലയം തിരഞ്ഞെടുത്ത് വിശുദ്ധീകരി ച്ചിരിക്കുന്നതിനാൽ എന്റെ ഹൃദയപൂർവകമായ കടാക്ഷം സദാ ഇതിന്മേൽ ഉണ്ടായിരിക്കും " ( 2 ദിന. 7:14). അതെ, നോവിഷ്യേറ്റ് ഹൗസാണ് സഭയുടെയും സമൂഹത്തിന്റെയും പവർ ഹൗസായി പ്രവർത്തിക്കുന്നത്. "നമ്മുടെ കർത്താവേശുമ്ശിഹായെ ദൃഢമായി സ്നേഹിച്ചുകൊണ്ടും അവിടുത്തെ ധ്യാനപരമായ രഹസ്യജീവിതവും പ്രവർത്തികളാൽ വിശിഷ്ടമായ പരസ്യജീവിതവും ......" (വി. നിയമം Art.), എന്നതുപോലെ ലോകത്തിലായിരിക്കെ ലോകത്തിന്റേതല്ലാ തായി ലോകത്തിനുവേണ്ടി നിരന്തരം ദൈവമുമ്പാകെ കണ്ണീരൊഴു ക്കിയ രഹസ്യജീവിതമായിരുന്നു കാനോനിക്കൽ ഇയർ. ബഹു. റോബി നച്ചനിലും ഫിലിപ്പോസ് അച്ചനിലും തുടങ്ങിയ നിരവധി നിയോഗ ങ്ങൾ പ. ബലിപീഠത്തിൽ ചേർത്തുവെച്ചപ്പോൾ ദൈവത്തിന്റെ അഗാ ധമായ സ്നേഹം കരകവിഞ്ഞൊഴുകുന്നത് അനുഭവിക്കുകയായിരുന്നു ഞങ്ങൾ. അതെ, പരിശുദ്ധ കുർബാനയ്ക്കു മുമ്പിൽ സമർപ്പിച്ച ഒരു നിയോഗവും വ്യർഥമായി പോയിട്ടില്ല. എല്ലാ മാസവും മുടങ്ങാതെ യുള്ള ബൈബിൾ പാരായണവും അഖണ്ഡ ജപമാലയും നിരന്തര മായ ജാഗരണപ്രാർത്ഥനകളും മാസധ്യാനവും അനേകം ആത്മാക്കളെ നേടുവാനും തീക്ഷ്ണതയോടെ വ്യാപരിക്കുവാനും ഞങ്ങളെ സഹാ യിച്ചു.

വാർദ്ധക്യാവസ്ഥയിലും തന്റെ ആരോഗ്യം വകവയ്ക്കാതെ എല്ലാവർക്കും മാതൃകയായി നന്മപ്രവർത്തികളിലൂടെയും നല്ല നല്ല ഉപദേശങ്ങൾ നൽകിക്കൊണ്ടും ഞങ്ങളോടൊപ്പമുള്ള സി. ആഞ്ജ ലീന, അൽപം വൈകിയാണെങ്കിലും ഞങ്ങളുടെ ഭവനത്തിന്റെ അംഗ മായി നിറപുഞ്ചിരിയോടും ശാന്തതയോടും നിഷ്ക്കളങ്കതയോടും ഞങ്ങളോടൊപ്പമായിരിക്കുന്ന സി. ആൻസി, നിറഞ്ഞ പുഞ്ചിരി, വാത്സല്യം തുളുമ്പുന്ന കരുതൽ, സ്നേഹം, സകലതും ഉള്ളുതുറന്ന് പറയുവാനും ജീവിതത്തെ ഏതെല്ലാം രീതിയിൽ ദൈവത്തിന് പ്രിയ ങ്കരമാക്കിത്തീർക്കാമെന്ന് കാണിച്ചുതന്ന ഉത്തമമാതൃകയും, നന്മകളെ മാത്രം നോക്കിക്കാണുന്ന ഹൃദയവിശാലതയും ഒത്തിണങ്ങിയ ഞങ്ങ ളുടെ മിസ്ട്രസ് സി. അനന്ത ഇവരോടൊപ്പമായിരുന്ന ദിനങ്ങൾ വളരെ സന്തോഷപ്രദമായിരുന്നു. സഹോദരങ്ങൾ ഒരുമിച്ചു വസിക്കുന്നത്



എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്.....അവിടെയാണ് കർത്താവ് അനുഗ്രഹവും തന്റെ അനന്തമായ ജീവനും പ്രദാനം ചെയ്യുന്നത് എന്ന സങ്കീർത്തനവചനത്തോട് ആമ്മേൻ പറയുകയായിരുന്നു ഞങ്ങൾ. ആത്മാവിന്റെ യാത്രകളെ സന്ന്യാസത്തിന്റെ ആഴങ്ങളിലേക്കും സ്വർഗ ത്തിന്റെ ഉന്നതിയിലേക്കും നിശബ്ദമായി നയിക്കുന്ന വില്യമച്ചൻ, അസാധ്യതകളുടെ കാലത്തും സാധ്യതകളുടെ ലോകം ഞങ്ങൾക്കു മുന്നിൽ തുറന്നുതന്ന ബെന്നിയച്ചൻ, ലോകം മുഴുവൻ നിശ്ചലമായി രുന്ന Lock down കാലത്തും Lock ഇല്ലാതെ എങ്ങും പറന്നെത്തുന്ന ഞങ്ങളുടെ ആത്മീയപിതാവ് ജോബിനച്ചൻ, സാഹചര്യങ്ങളല്ല സാഹ ചര്യങ്ങളോടുള്ള മനോഭാവമാണ് നമ്മെ നാമാക്കുന്നതും നാമല്ലാതാ ക്കുന്നതും എന്ന ബോധ്യം ജീവിതംകൊണ്ട് കാണിച്ചുതന്ന തോമസ ച്ചൻ ഇവരൊക്കെ ആത്മീയജീവിതത്തിൽ ഞങ്ങൾക്ക് മാതൃകയും പ്രോത്സാഹനവുമായിരുന്നു.

ചിലരൊക്കെ പറയുന്നതുപോലെ മഹാമാരിയുടെ മക്കളായി ഞങ്ങൾ മാറുമ്പോൾ തെല്ലും സങ്കടമില്ലാതെ ഞങ്ങൾ ദൈവത്തിന് സ്തോത്രം പാടും. കോവിഡ് വന്നതുകൊണ്ടല്ല, ആ ദുഃഖദിനങ്ങളിലും " കൂട് ചലിപ്പിക്കുകയും കുഞ്ഞുങ്ങളുടെ മുകളിൽ ചിറകടിക്കുകയും വിരിച്ച ചിറകുകളിൽ കുഞ്ഞുങ്ങളെ വഹിക്കുകയും ചെയ്യുന്ന കഴുക നെപ്പോലെ അവരെ നയിച്ചത് കർത്താവാണ് " (നിയ. 32:11 ). അതെ, ഞങ്ങളെ നയിച്ചത് കർത്താവാണ്. ആയിരങ്ങൾക്ക് പരിശുദ്ധ കുർബാന നഷ്ടമായപ്പോഴും രാവെന്നും പകലെന്നും ഇല്ലാതെ നാഥന്റെ ദിവ്യ സാന്നിധ്യം ഞങ്ങൾക്ക് ലഭ്യമായിരുന്നു. ഏറ്റവും ഹൃദ്യമായി ഞങ്ങ ളിൽ തങ്ങിനിൽക്കുന്ന ഓർമയാണ് 2020 ലെ ഹാശാ ആഴ്ച. മഠത്തിലെ ചെറിയ ചാപ്പലിലെ പരിമിതികൾക്കുള്ളിൽ ക്രിസ്തുനാഥന് ഓശാന പാടി, ഒന്നുചേർന്ന് അപ്പം മുറിച്ച്, ദിവ്യമണവാളന്റെ ക്രൂശിനോട് ചേർന്ന്, അവന്റെ ഉത്ഥാനവും കാത്ത് ഒരു മെഴുതിരിവെട്ടത്തിൽ രാവു റങ്ങാതെ, മിഴിയടയാതെ ബലിപീഠത്തിലേക്ക് കണ്ണുംനട്ടിരിക്കുകയാ യിരുന്നു ഞങ്ങൾ. ആ ഇരിപ്പ് വ്യർഥമാകാതെ പുതിയ പ്രതീക്ഷയു മായി ഞങ്ങളുടെ മുമ്പിൽ ദിവ്യനാഥൻ......

പൊന്നൊളിയിൽ കല്ലറ മിന്നുന്നു..

Lock down, ജനതാ കർഫ്യൂ, കണ്ടെയ്ന്റ്മെന്റ് സോൺ എന്നി ങ്ങനെ നിയന്ത്രണങ്ങൾ മുറുകുമ്പോഴും ഞങ്ങളുടെ 15 ദിവസത്തെ ധ്യാനം ശ്രേഷ്ഠരായ 4 വൈദികർ- ബഹു. ബെന്നിയച്ചൻ, ജിൻസ ച്ചൻ, ഷിബുവച്ചൻ, റോബിൻ മനയ്ക്കലേട്ട് അച്ചൻ എന്നിവരാൽ

ആഘോഷപൂർവ്വം നടത്തപ്പെട്ടു. ബഹു. മദർ ജനറലിന്റെ പ്രത്യേക പ്രോത്സാഹനത്തിലും ബഹു. ബെന്നിയച്ചന്റെ നേതൃത്വത്തിലും *കൊന്ത, Sign of God* എന്നീ Short Film കൾ തിരക്കഎഴുതുവാനും അതിൽ ഭാഗഭാക്കാകുവാനും നല്ല ദൈവം ഞങ്ങളെ ഒരുക്കി. കാലഘട്ടത്തിന്റെ സംശയങ്ങൾക്ക് ഉത്തരം എന്നവണ്ണം വിശ്വാസത്തെ ബലപ്പെടുത്തുന്ന You Tube പ്രഭാഷണങ്ങൾ, online Qurbono, എട്ടു നോമ്പിനോടനുബന്ധിച്ചുള്ള ഗീതങ്ങളുടെ റെക്കോഡിംഗ്, ജനറലേറ്റിലെ ക്ലാസുകൾ, കരോൾ സോങ് ഷൂട്ടിംഗ്, ക്രിസ്മസ് അനുബന്ധ സന്ദേശങ്ങൾ എന്നിങ്ങനെ നീളുന്നു അവസരങ്ങൾ.

ദുരിതങ്ങൾ ഞങ്ങൾക്ക് ഉപകാരമായി. നിപ്പയെ ഭയന്ന് ജനം റമ്പുട്ടാൻ വേണ്ടെന്നു വച്ചപ്പോൾ അഞ്ച് റമ്പുട്ടാൻ മരങ്ങളും ഞങ്ങൾക്കു മുമ്പിൽ ശിരസ് നമിച്ചു. "പരിശ്രമിച്ചീടുകിൽ എന്തിനെയും വശത്തിലാക്കാൻ കഴിവുള്ളവണ്ണം" അതായിരുന്നു ഞങ്ങളുടെ തോട്ടം. തോട്ടം എന്നു പറഞ്ഞ് ചുരുക്കുന്നില്ല. പൂക്കളാൽ സമൃദ്ധമായ പൂന്തോട്ടം, പയർ,വഴുതന, ചീര, മുളക്, കാരറ്റ്, ബീറ്റ്റൂട്ട്, കിഴങ്ങ്, തക്കാളി, ഉള്ളി, ഇഞ്ചി, മത്തൻ, കപ്പ, ചേന, ചേമ്പ്, വാഴ, എല്ലാറ്റിന്റെയും പൂർത്തീകരണമായി ഒരു തെങ്ങും. ഓണത്തിന് മറ്റു പൂക്കളങ്ങളിൽ വില്പന പൂക്കൾ നിറഞ്ഞപ്പോൾ ഞങ്ങളുടെ പൂക്കളത്തിൽ വാടാമുല്ല, ബെന്തി, റോസ്, മുല്ല എന്നീ തോട്ടത്തിലെ പൂക്കൾ ഓണപ്പൂക്കളത്തിനും ഒപ്പം ഞങ്ങളുടെ ഹൃദയങ്ങൾക്കും നിറം പകർന്നു. ഇത്തിരി പൂക്കൾ കൊണ്ടും നന്മനിറഞ്ഞ ഓണം ആഘോഷിക്കാമെന്ന് ഈ ഓണക്കാലങ്ങൾ ഞങ്ങൾക്കു പറഞ്ഞു തന്നു. കൂടാതെ, പെരുനാട്ടിലും കോട്ടയത്തും വാഗമൺ കുരിശുമലമഠത്തിലും ആയി വ്യത്യസ്തങ്ങളായ പുൽക്കൂടുകൾ ഒരുക്കുവാനും ക്രിസ്തുമസ് ആഘോഷിക്കുവാനും ഞങ്ങൾക്ക് അവസരം ലഭിച്ചു.

ഒത്തൊരുമിച്ചുള്ള അധ്വാനത്തിന്റെ മാധുര്യം ആസ്വദിക്കുവാൻ മഞ്ഞൾ, കപ്പ ഇവ വാട്ടി ഉണക്കലും, ഇഞ്ചി വൃത്തിയാക്കലും,വാട്ടർ ടാങ്ക് കഴുകലും, വേസ്റ്റ് കുഴിയെടുക്കലും, പറമ്പിലെ പണികളും, അല്ലറചില്ലറ കോൺക്രീറ്റ് പണികളും മറ്റും ഞങ്ങളെ സഹായിച്ചു.

എക്സ്പോഷർ പ്രോഗ്രാമിന് പകരമായി അറിവിന്റെ ഖനികൾ ഞങ്ങൾക്ക് മുമ്പിൽ തുറന്നിട്ട് ഞങ്ങളെ കാത്തിരുന്നത് ബഥനിയുടെ മാതൃഭവനമായ കോട്ടയം ജനറലേറ്റ് ഹൗസായിരുന്നു. മനസിന്റെ ആഴങ്ങളിലെ കുസൃതികളികളെ വേർതിരിച്ചറിയാൻ സൈക്കോളജി ക്ലാസ്, എന്നെ ഞാനായിരിക്കുന്ന രീതിയിൽ അംഗീകരിക്കാനും



സ്നേഹിക്കാനും ദൈവത്തിന് സമർപ്പിക്കാനും കൊച്ചേട്ടന്റെ ക്ലാസ്, വയലിനുള്ളിൽ ഒളിപ്പിച്ചുവെച്ച നിധി കണ്ടെത്തുന്നതുപോലെ ആസ്വാദ്യകരമായിരുന്ന ബൈബിൾ ക്ലാസ്, ഇംഗ്ലീഷിന്റെ പുതിയൊരു മാസ്മരികലോകം ഞങ്ങൾക്കു മുമ്പിൽ തുറന്നിട്ട Communicative English ക്ലാസ്. ആധുനിക ലോകത്തിന്റെ കെണികളെയും വക്രതകളെയും കുറിച്ചുള്ള അവബോധം ഉളവാക്കുന്നതായിരുന്നു Safe Environment ക്ലാസ്. ജീവിക്കുന്ന വർഷമല്ല, വർഷിക്കുന്ന ജീവിതമാണ് സന്യാസത്തിന് ആവശ്യം എന്ന തിരിച്ചറിവ് നൽകുകയായിരുന്നു സിസ്റ്റേഴ്സ് അവരുടെ ക്ലാസുകളിലൂടെ. സുവിശേഷം ധ്യാനിക്കുവാനും പ്രഘോഷിക്കുവാനുമുള്ള അവസരങ്ങളായിരുന്നു മഠം ചാപ്പലിലെ ധ്യാനപ്രസംഗങ്ങൾ. കൂടാതെ, *വരൂ നമുക്ക് ബേത്‌ലഹേം വരെ പോകാം* എന്ന പ്രോഗ്രാമിലൂടെ ബേത്‌ലഹേമിലെ മാലാഖമാർ അറിയിച്ച സദ്വാർത്ത ലോകത്തിന് വീണ്ടും നൽകുവാൻ ഞങ്ങൾക്കും അവസരം ലഭിച്ചു. ഒപ്പം KCM -ന്റെ ആഭിമുഖ്യത്തിൽ കരോൾ ഗാനം ആലപിക്കാനും ഞങ്ങൾക്ക് സാധിച്ചു.

ജനറലേറ്റിൽ നിന്ന് ഞങ്ങൾ പോയത് മലമേലെ തിരിവെട്ടവുമായി പെരിയാറിനു സമീപത്ത് മലനാടിൻ നാടായ ഇടുക്കിയിലേക്ക്. മണ്ണിലും പൂവിലും പുൽക്കൊടിത്തുമ്പിലും ദൈവസാന്നിധ്യം നിറഞ്ഞു നിൽക്കുന്ന വാഗമൺ കിരിശുമല. അവിടേക്കുള്ള യാത്ര ചെറിയൊരു വിനോദയാത്രയുടെ അനുഭൂതി നിറച്ചു. Low range ൽ നിന്ന് high range ലേക്കുള്ള കുടിയേറ്റം. പട്ടണത്തിലെ ചുടുകാറ്റിൽ നിന്ന് മലനാട്ടിലെ ശുദ്ധ ഇളം തെന്നലിലേക്ക് എത്തിച്ചേർന്നപ്പോൾ അറിയാതെ മനസ് മന്ത്രിച്ചു: ' ഇവിടുത്തെ കാറ്റാണ് കാറ്റ്'. തേനൂറുന്ന മഞ്ഞുകണങ്ങൾ മലകളെ ചുമ്പിച്ചപ്പോൾ ദൈവത്തിന്റെ കരവിരുത് എത്രയോ അവർണനീയം എന്ന് ഓർക്കുകയായിരുന്നു ഞങ്ങൾ. ബഹു. സിസ്റ്റേഴ്സും ആശ്രമവാസികളും വളരെ ഹൃദ്യമായി ഞങ്ങളെ വരവേറ്റു. മൗനം മനസ്സിന്റെ മൂർച്ച കൂട്ടുന്നു.... ആത്മാവ് ദൈവത്തിൽ വിലയം പ്രാപിക്കുന്നു... അപരനിൽനിന്ന് പരനിലേക്ക്....ആഴം ആഴത്തെ വിളിക്കുന്നു.... വിശുദ്ധ കുർബാനയോടെ ആരംഭിച്ച ഒരുക്ക ധ്യാനം നിശബ്ദതയെ പ്രണയിക്കുവാൻ ഞങ്ങളെ പഠിപ്പിച്ചു. നഗ്നമായ വിണ്ടുകീറിയ പാദങ്ങൾ, നിസ്വാർഥമായ സേവനം, നിഷ്ക്കളങ്കമായ പ്രാർത്ഥനകൾ, ആതിഥ്യമര്യാദ എന്നിവകളാൽ സ്വർഗത്തെ ഭൂമിയിൽ പതിപ്പിക്കുന്ന കാഷായ വസ്ത്രധാരികൾ ഞങ്ങളിലെ സന്ന്യാസചിന്തകളെ ആഴപ്പെടുത്തി.

24.12.2020 രാത്രി. ഇടയന്മാർക്ക് വഴികാട്ടിയ പൊൻതാരകം ആകാശത്ത് നിറഞ്ഞു നിന്നു. പാൽനിലാവ് തൂകി പൂർണചന്ദ്രൻ പുൽക്കൂട്ടിലേക്ക് ഞങ്ങളെ എത്തിച്ചു. 1.15 a.m -ന് തുടങ്ങിയ ശുശ്രൂഷകൾ പ്രഭാതത്തിലെ വി. കുർബാനയോടെ അവസാനിച്ചു. തികഞ്ഞ ദൈവാനുഭവത്തിന്റെ നിറവിൽ കുരിശുമലയോടു വിടചൊല്ലി ഞങ്ങൾ പെരുനാടിന്റെ മണ്ണിലെത്തി പുതുവർഷത്തെ വരവേറ്റു. പിന്നീടങ്ങ് സമർപ്പണത്തിനായുള്ള അടുത്ത ഒരുക്കങ്ങൾ....കർത്താവിന്റെ യാഗ പീഠത്തിലേക്ക്...

ഇപ്പോൾ ഹൃദയം നന്ദിയാൽ നിറയുന്നു. എല്ലാവിധ തിരക്കുകൾക്കിടയിലും ഹൃദയത്തിൽ ഒരിടവും ജീവിതത്തിൽ വിലയേറിയ സമയവും നൽകിയതിന് സമൂഹത്തിന്റെ സുപ്പീര്യർ ജനറൽ മദർ ലിറ്റിൽ ഫ്ളവറിനെയും ജനറൽ ടീമിലെ അംഗങ്ങൾ ഓരോരുത്തരെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. ഞങ്ങളെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും കരുതുകയും ചെയ്ത എല്ലാ പ്രൊവിൻഷ്യൽസിനെയും പ്രത്യേകിച്ച് ഞങ്ങളുടെ പരിശീലനത്തിന് വിലയേറിയ ആതിഥേയത്വം വഹിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത മദർ ഹൃദ്യയേയും ഒപ്പം നിന്നുകൊണ്ട് ഞങ്ങളെ ശക്തിപ്പെടുത്തിയ എല്ലാ പ്രൊവിൻഷ്യൽ ബോഡി അംഗങ്ങളേയും പ്രാർത്ഥനകൊണ്ട് ബലപ്പെടുത്തിയ ബഹു.വൈദികരെയും സിസ്റ്റേഴ്സിനെയും അത്മായ സഹോദരങ്ങളെയും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ഞങ്ങൾക്കു പരിശീലനം നൽകിയ എല്ലാ സിസ്റ്റേഴ്സിനെയും പ്രത്യേകിച്ച് ഞങ്ങളുടെ ജീവിതങ്ങൾക്ക് നിറക്കൂട്ടേകിയ, അതിനായി അക്ഷീണം പരിശ്രമിച്ച ഞങ്ങളുടെ ഗുരുനാഥ സി. അനന്തയേയും ഏറ്റം സ്നേഹത്തോടെ, നന്ദിയോടെ ഓർക്കുന്നു. സിസ്റ്ററിന്റെ പ്രയനത്നങ്ങൾക്ക് സർവശക്തൻ പ്രതിഫലം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

" എല്ലാറ്റിന്റെയും അടിസ്ഥാനം ദൈവകരുണതന്നെ. അവിടുന്നു തുടങ്ങി, അവിടുന്നു നടത്തി. അവിടുന്ന് നാശത്തിനായൊന്നും ചെയ്തില്ല, ചെയ്യിച്ചുമില്ല " എന്ന ഗുരുമൊഴി അനുസ്മരിച്ചുകൊണ്ട് ആ പുണ്യശ്ലോകന്റെ മാദ്ധ്യസ്ഥശക്തിക്കു മുന്നിൽ ഞങ്ങളെ സമർപ്പിക്കുന്നു. ഒടുവിൽ, എല്ലാത്തിനും സാക്ഷ്യമായി പൊട്ടിയതും നുറുങ്ങിയതുമായ ഞങ്ങളെ ചേർത്തുവെച്ച് തന്റെ പറുദീസ നനയ്ക്കുവാൻ മൺകുടമായി തിരഞ്ഞെടുത്ത ഞങ്ങളുടെ ഉടയതമ്പുരാന് ... ദിവ്യ മണവാളന്... കാരുണ്യവാനായ ദൈവത്തിന് നന്ദി...നന്ദി....



# സ്വർഗത്തിലെ രാജകുമാരി

**സി. അർപ്പിത** (2nd Novitiate)

രാജകുമാരിയുടെ വസ്ത്രാഭരണങ്ങൾ
അണിഞ്ഞ ഒരുവൾക്ക്
ഈ ലോകത്തിന്റെ കളികളിൽ
രസിക്കാനാവില്ല
ഓരോ ചുവടുവയ്പ്പിലും
അവളണിഞ്ഞ വസ്ത്രാഭരണങ്ങൾ
അവളെ തടയുന്നു.
തന്റെ വസ്ത്രത്തിൽ ചെളിപുരണ്ടാലോ,
ആഭരണങ്ങൾ പൊടി പിടിച്ചാലോ
എന്നവൾ ഭയക്കുന്നു.
സാവധാനം ഈ ലോകത്തിൽ നിന്നുതന്നെ
അവൾ പിൻവലിയുന്നു....
അപ്പോൾ ലോകം അവളെ
*സന്ന്യാസിനി*യെന്ന് പേരു വിളിച്ചു.
തന്റെ വിശുദ്ധിയാർന്ന തൂവെള്ള വസ്ത്രത്തിൽ
ചെളി പുരളാതിരിക്കാൻ,
ആത്മാവിന്റെ വരങ്ങളാകുന്ന ആഭരണങ്ങളുടെ
മോടി നഷ്ടപ്പെടാതിരിക്കാൻ
സാവധാനം അവൾ
ഈ ലോകത്തോടു വിട പറയുന്നു.......!

# സിസ്റ്റർ ഡൊറീൻ (TVM.)

(24.09.1935 – 08.12.2020)

'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന ക്രിസ്തുനാഥന്റെ ആഹ്വാനം ഹൃദയത്തിൽ സ്വീകരിച്ച് ബഥനിയിൽ സന്യാസിനിയായി തന്നെത്തന്നെ സമർപ്പിച്ച് ദൈവജനത്തിന്റെ പ്രബുദ്ധതയ്ക്കും അവരുടെ മധ്യേ സഭയുടെ സാന്നിധ്യം സജീവമാക്കുന്നതിനുമായി തന്റെ ജീവിതം പൂർണമായി അർപ്പണം ചെയ്ത് ദൈവസന്നിധിയിലേക്ക് കടന്നു പോയ സിസ്റ്റർ ഡൊറീന്റെ പാവനസ്മരണക്കു മുമ്പിൽ ആദരാഞ്ജലികൾ.

1935 സെപ്തംബർ 24- ാം തീയതി വാളകം കളിയിലഴികത്ത് ശ്രീ. മത്തായിയുടെയും ശ്രീമതി മറിയാമ്മുടെയും മകളായി സി. ഡൊറീൻ ജനിച്ചു. പുനരൈക്യ പ്രസ്ഥാനം വാളകം – കൊട്ടാരക്കര പ്രദേശങ്ങളിൽ ശക്തിപ്പെടുന്നതിന് നേതൃത്വം നൽകിയവരിൽ ഒരാളാണ് സിസ്റ്ററിന്റെ സഹോദരൻ ശ്രീ. ചാക്കോ കളിയിലഴികത്ത് . കുടുംബത്തിൽ നിന്ന് ലഭിച്ച ഈ പ്രേഷിത തീക്ഷ്ണതയിൽ നിന്നും ഉടലെടുത്തതാണ് സിസ്റ്ററിന്റെ സന്യാസ ദൈവവിളി. 1958 ജൂൺ 13-ാം തീയതി സിസ്റ്റർ അർഥിനിയായി മഠത്തിൽ പ്രവേശിച്ചു. സി. മോനിക്കയുടെ നേതൃത്വത്തിൽ നോവീഷ്യേറ്റ് പരിശീലനം പൂർത്തീകരിച്ച് 1961 മേയ് 8 ന് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ഡൊറീൻ എന്ന സന്യാസനാമം സ്വീകരിച്ചു. ദൈവത്തിന്റെ ദാനം എന്നാണ് ഈ പേരിന്റെ അർഥം.

1967 മെയ് 2 ന് സിസ്റ്റർ തന്നെത്തന്നെ ദൈവത്തിന് സമർപ്പിച്ചു കൊണ്ട് നിത്യവ്രതവാഗ്ദാനം ചെയ്തു. നാലാഞ്ചിറ, ചന്ദനപ്പള്ളി, കുണ്ടറ, പത്തനംതിട്ട, ഈരേഴ, പന്തളം, കുറവൻകോണം, പെരുമ്പുഴ, കുടശ്ശനാട്, കന്യാകുമാരി, തുടങ്ങി ബഥനിയുടെ വിവിധ മഠങ്ങളിൽ സിസ്റ്റർ സുപ്പീരിയറായും പ്രൊക്കുറേറ്ററായും സേവനമനുഷ്ഠിച്ചു. മാതൃസഹജമായ സ്നേഹത്തോടെ അംഗങ്ങളെ ഉൾക്കൊള്ളാനും വളർത്താനും കരുതാനും സിസ്റ്റർ കാണിച്ച ശ്രദ്ധ വളരെ വലുതായിരുന്നു. ഒരു നല്ല മിഷണറി കൂടിയായിരുന്നു സിസ്റ്റർ. മലങ്കര സഭയുടെ ആധ്യാത്മികതയിൽ അധിഷ്ഠിതമായ സുവിശേഷ പ്രവർത്തനം നടത്തുന്നതിൽ



സിസ്റ്റർ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു. കുഞ്ഞുങ്ങളുടെ വിശ്വാസ പരിശീലനം, സ്ത്രീജനോദ്ധാരണ പ്രവർത്തനങ്ങൾ, കുടുംബ പ്രേഷിതത്വം തുടങ്ങിയവയായിരുന്നു പ്രധാന പ്രേഷിതമേഖലകൾ. പുനരൈക്യ പ്രസ്ഥാനത്തോടുള്ള അദമ്യമായ സ്നേഹവും അതിനോടുള്ള സമർപ്പണവും പ്രാർഥനയും സിസ്റ്റർ തന്റെ പ്രത്യേക ദൗത്യമായി ഏറ്റെടുത്തിരുന്നു. ലളിതമായ ഒരു ജീവിത ശൈലിയുടെ ഉടമയായിരുന്നു സിസ്റ്റർ. സന്യാസ നിഷ്ഠകൾ പാലിക്കുന്നതിലും അത് മറ്റുള്ളവരെ ഓർമിപ്പിക്കുന്നതിനും സിസ്റ്റർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അധികാരികളോടുള്ള വിധേയത്വവും അനുസരണവും സിസ്റ്ററിന്റെ ഒരു സവിശേഷ സ്വഭാവമായിരുന്നു. സമൂഹം ഏൽപിച്ച ഉത്തരവാദിത്തങ്ങൾ സ്ഥലകാല പരിമിതികൾക്കപ്പുറം വിശ്വസ്തമായി സിസ്റ്റർ നിർവഹിച്ചിരുന്നു. പരാതികളില്ലാതെ ആകുലതകളില്ലാതെ തന്റെ പ്രതിഷ്ഠാജീവിതം പൂർണതയിൽ ജീവിച്ച ഒരു സമർപിത. ചെറുപ്പത്തിലെ അമ്മ മരിച്ചതുകൊണ്ട് മാതാവിനോട് വലിയ ഭക്തിയായിരുന്നു സിസ്റ്ററിന്. പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുനാൾ ദിവസം തന്നെ സിസ്റ്റർ സ്വർഗത്തിലേക്ക് പറന്നുയർന്നു എന്നത് സിസ്റ്ററിന്റെ മരിയഭക്തിയുടെ തെളിവാണ്.

2005 ജൂൺ മുതൽ സിസ്റ്റർ നാലാഞ്ചിറ മഠത്തിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു. ഡയബറ്റിസ് ഉണ്ടായിരുന്നതിനാൽ 2020 ജൂലൈ മാസത്തിൽ ശരീരം മുഴുവൻ പൊള്ളൽ പോലെ കാണപ്പെടുകയും പെരുമ്പുഴ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത് ചികിത്സിക്കുകയും ചെയ്തു. അസുഖം ഭേദമായപ്പോൾ നാലാഞ്ചിറയിൽ കൊണ്ടുവന്നു. കേൾവിക്കുറവും കാഴ്ചക്കുറവും ഉണ്ടായിരുന്നു. അവസാന നാളുകൾ കിടക്കയിൽ തന്നെ ആയിരുന്നു. സിസ്റ്റർ സിറിലും സി. പ്രത്യാശയുമാണ് സിസ്റ്ററിനെ പരിചരിച്ചിരുന്നത്.

2020 ഡിസംബർ 6 ന് വൈകിട്ട് സിസ്റ്ററിന് അസ്വസ്തത വർദ്ധിക്കുകയും ബഹു. റെജി ഒ.ഐ.സി അച്ചൻ തൈലാഭിഷ്കം നൽകുകയും ചെയ്തു. 8-ാം തീയതി രാവിലെ 12.30 ന് സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാ മധ്യേ വളരെ ശാന്തമായി സിസ്റ്ററിന്റെ പാവനാത്മാവ് സ്വർഗത്തിലേക്ക് പറന്നുയർന്നു. വാർഷിക ധ്യാനദിനങ്ങളായിരുന്നതിനാൽ ധ്യാനഗുരുവായ റവ.ഫാ. പോൾ വടക്കുംമുറി സി.എം.ഐ

എത്തി പ്രാർത്ഥിച്ചു. ചാപ്ലേൻ റവ. ഫാ. റെജി ഒ.ഐ.സി ഉടൻ തന്നെ എത്തുകയും മരണാനന്തര പ്രാർത്ഥന നടത്തുകയും ചെയ്തു. തുടർന്ന് സിസ്റ്ററിന്റെ ശരീരം ഒരുക്കി മൊബൈൽ മോർച്ചറിയിൽ വലിയ ചാപ്പ ലിൽ വച്ചു. അഞ്ച് ശുശ്രൂഷകൾക്കും ബഹു.റെജി അച്ചൻ നേതൃത്വം നല്കി. സിസ്റ്ററിന്റെ ചരിത്രം സിസ്റ്റർ കീർത്തന ലഘുവായി അവതരി പ്പിച്ചു. മോറാൻ മോർ ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും അഭി വന്ദ്യ യൗസേബിയൂസ് പിതാവും എത്തുകയും പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. സംസ്കാര ശുശ്രൂഷ മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഉച്ചയ്ക്ക് 2.30 ന് നടന്നു. അങ്ങനെ 85 വർഷം ഈ ലോകത്തിലും 59 വർഷം സന്യാസജീവി തവും നയിച്ച സിസ്റ്ററിന്റെ ജീവിതം ദൈവകരങ്ങളിൽ സുരക്ഷിതമായി.

സിസ്റ്ററിന്റെ നല്ല ഓർമകൾക്കു മുമ്പിൽ ശിരസു നമിക്കുന്നു.... ആദരാഞ്ജലികൾ അർപ്പിക്കുന്നു......



# സിസ്റ്റർ എമിലി (TVLA.)

**ജനനം - 27.01.1933** **മരണം - 04.12.2020**

"എനിക്കു വിശന്നു. നിങ്ങൾ ഭക്ഷിക്കുവാൻ തന്നു. എനിക്കു ദാഹിച്ചു. നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു. നി ങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു. നിങ്ങൾ എന്റെ അടുത്തു വന്നു "(വി. മത്തായി 25/35,36). ഈ വചനങ്ങൾ ജീവിതത്തിൽ നിറവേറ്റിയ സമർപ്പി തയായിരുന്നു സിസ്റ്റർ എമിലി.

വെണ്ണിക്കുളം കച്ചിറയ്ക്കൽ മുണ്ടിളപ്പുങ്കൽ കുര്യൻ തോമസി ന്റെയും അയിരൂർ കുറ്റിക്കണ്ടത്തിൽ കൈമണ്ണിൽ ഏലിയാമ്മയുടെയും രണ്ടാമത്തെ മകളായി 1933 ജനുവരി 27-ാം തീയതി കുഞ്ഞമ്മ ജനിച്ചു. അയിരൂർ യാക്കോബായ പള്ളിയിൽ വച്ച് ബ. അലക്സാണ്ടർ കുറ്റിക്ക ണ്ടത്തിൽ അച്ചനിൽ നിന്നും മാമോദീസായും, മൂറോനഭിഷേകവും ഏലി യാമ്മ എന്ന മാമോദീസാ പേരും സ്വീകരിച്ചു.

M.D.M.L.P.S Vennikulam, St.Mary's School Valiyakunnam, N.S.S തടിയൂർ എന്നീ സ്ക്കൂളുകളിൽ പഠിച്ച് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1952 ൽ തിരുമൂലപുരം ബഥനി മഠത്തിൽ സന്ന്യാ സാർത്ഥിനിയായി വന്ന ഏലിയാമ്മയെ മദർ ഹൂബാ സ്നേഹപൂർവ്വം സ്വീകരിച്ചു. Sr.Theesa, Sr. Rose എന്നിവരുടെ ശിക്ഷണത്തിൽ സന്ന്യാ സപരിശീലനം പൂർത്തിയാക്കി. 1955 മെയ് 16ന് തല്ക്കാല വ്രതവാഗ്ദാ നവും 1958 മെയ് 7 ന് നിത്യവ്രതവാഗ്ദാനവും ചെയ്തു. തുടർന്ന് ചങ്ങനാശ്ശേരി Assumption college- ലെ പഠനശേഷം Guntur St. Josephs Hospital നിന്നും Pharmacy course പഠിച്ച് പാസായി. 1959 മുതൽ 2002 വരെ (42 വർഷക്കാലം) പുഷ്പഗിരി Hospital Pharmacy Incharge ആയും Chief Pharmacist ആയും സേവനം അനുഷ്ഠിച്ചു. ഈ കാല

യളവിൽ പല പ്രാവശ്യം പുഷ്പഗിരി ബഥനി കോൺവെന്റിലെ സുപ്പീര്യർ ആയും സിസ്റ്റർ എമിലി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1968-69 ൽ Velloor Medical College നിന്നും Pharmacy Administration Course-ഉം പാസ്സായി.

സിസ്റ്റർ എമിലിയുടെ താല്പര്യത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി 1996 ൽ പുഷ്പഗിരി ഹോസ്പിറ്റലിൽ D.Pharm Course ആരംഭിച്ചു. Pushpagiri Hospital Medical college ആയി ഉയരുന്നതുവരെ D. Pharm Course അവിടെ തുടർന്നിരുന്നു. പുഷ്പഗിരിയിൽ സേവനം അനുഷ്ഠിച്ചിരുന്ന അവസരത്തിൽ സിസ്റ്റർ, മഹിളാസമാജത്തിന് നേതൃത്വം കൊടുത്തിരുന്നു. അതിനോടനുബന്ധിച്ച് രൂപപ്പെട്ട *ഹരിത* എന്ന ഗ്രാമവികസന പദ്ധതിയുടെ കീഴിൽ 10 അയൽക്കൂട്ടങ്ങൾക്ക് സിസ്റ്റർ എമിലി നേതൃത്വം കൊടുത്തിരുന്നു. സ്ത്രീകൾക്ക് തയ്യൽ പോലുള്ള തൊഴിൽ പരിശീലനം നൽകുന്നതിനും സിസ്റ്റർ മുൻകൈ എടുത്തിട്ടുണ്ട്. സിസ്റ്റർ എമിലി പുഷ്പഗിരി ഹോസ്പിറ്റലിനു നൽകിയ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് പുഷ്പഗിരി മെഡിക്കൽ കോളജിന്റെ ജൂബിലി ആഘോഷവേളയിൽ സിസ്റ്ററിന് പുരസ്ക്കാരം നൽകി ആദരിക്കുകയുണ്ടായി.

2002 ജൂൺ മുതൽ 2013 ജൂലൈ വരെ സിസ്റ്റർ തിരുവല്ലാ അതിരൂപതയുടെ Social Service Centre ആയ ബോധനയിൽ Home Nursing Training Programme- ന്റെ Co-ordinator ആയി സേവനം അനുഷ്ഠിച്ചു.

സിസ്റ്റർ എമിലിയുടെ ആരോഗ്യസ്ഥിതി മോശമായി തുടങ്ങിയതിനാൽ 2013 ജൂലൈ മുതൽ പ്രാർത്ഥനയ്ക്കും, വിശ്രമത്തിനുമായി സിസ്റ്ററിനെ ബഥാനിയായിലേക്ക് മാറ്റുകയുണ്ടായി. കൂടെയുള്ള സിസ്റ്റേഴ്സിനോട് തമാശകൾ പറഞ്ഞും പൊട്ടിച്ചിരിച്ചും വളരെ സന്തോഷവതിയായിട്ടാണ് സിസ്റ്റർ എപ്പോഴും കാണപ്പെട്ടിരുന്നത്. ശാരീരിക അസ്വസ്ഥതകളും ഓർമ്മക്കുറവും സിസ്റ്ററിനെ അലട്ടിയിരുന്നെങ്കിലും ഒരിക്കലും സിസ്റ്ററിന്റെ സന്തോഷത്തിന് ഒരു മങ്ങൽ ഏല്ക്കുന്നതായി കൂടെയുള്ള സിസ്റ്റേഴ്സിന് അനുഭവപ്പെട്ടിരുന്നില്ല.



2020 ഡിസംബർ 3-ാം തീയതി വൈകിട്ട് 8 മണിയോടെ സിസ്റ്ററിന് ശ്വാസതടസ്സം അനുഭവപ്പെട്ടു. സിസ്റ്റർ ഉഷസും സി. ലിസയും കൂടി സിസ്റ്ററിന് ആവശ്യമായ പ്രഥമശുശ്രൂഷകൾ നൽകി. തുടർന്ന് പുഷ്പഗിരി മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തു. സിസ്റ്ററിന് പെട്ടെന്ന് Cardiac arrest ഉണ്ടാകുകയും ആരോഗ്യനില വളരെ മോശമാകുകയും ചെയ്തു. പുഷ്പഗിരിയിലെ ബ. എഫ്രേം അച്ചൻ സിസ്റ്ററിന് രോഗീലേപനം നൽകി. ഡിസംബർ 4-ാം തീയതി വെളുപ്പിന് 3.30 ന് സിസ്റ്ററിന്റെ പാവനാത്മാവ് കർത്തൃസന്നിധിയിലേക്ക് എടുക്കപ്പെട്ടു. വിവരം അറിഞ്ഞ് മദർ ജനറൽ മദർ ലിറ്റിൽ ഫ്ളവറും ഏതാനും സിസ്റ്റേഴ്സും പുഷ്പഗിരിയിൽ എത്തി പ്രാർത്ഥിച്ചു. അധികം താമസിക്കാതെ സിസ്റ്ററിന്റെ ഭൗതികശരീരം പുഷ്പഗിരി ആശുപത്രിയിലെ മോർച്ചറിയിലേക്ക് മാറ്റി.

ഡിസംബർ 5 ന് രാവിലെ 9 മണിക്ക് സിസ്റ്ററിന്റെ ഭൗതികശരീരം തിരുമൂലപുരം ചാപ്പലിൽ മൊബൈൽ മോർച്ചറിയിൽ വച്ചു. ബ. ജോർജ് തോമസ് ഒ.ഐ.സി അച്ചൻ സിസ്റ്ററിനായി വി. കുർബ്ബാന അർപ്പിച്ചു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ കാർമ്മികത്വത്തിൽ അഞ്ചാം ശുശ്രൂഷ നടത്തപ്പെട്ടു. ബ. വൈദികർ, സിസ്റ്റേഴ്സ്, പുഷ്പഗിരി, ബോധന, എന്നീ സ്ഥാപനങ്ങളിലെ വൈദികർ, സ്റ്റാഫ് അംഗങ്ങൾ, ബഥനി ആശ്രമ സുപ്പീര്യർ ജനറൽ ബ. ജോസ് കുരുവിള ഒ.ഐ.സി അച്ചൻ, ടീം അംഗങ്ങൾ, മാത്യു റ്റി. തോമസ് M.L.A, ഇടവകാംഗങ്ങൾ, സുഹൃത്തുക്കൾ, പരിചിതർ, തുടങ്ങിയ ധാരാളം പേർ ഇടവിടാതെ സിസ്റ്ററിന്റെ അരികിൽ പ്രാർത്ഥനകൾ അർപ്പിച്ചു.

സിസ്റ്ററിന്റെ ലഘുജീവചരിത്രം സിസ്റ്റർ ജിയോവാനി അവതരിപ്പിച്ചു. ഇളം തലമുറയ്ക്ക് ഒരു പിടി നല്ല മാതൃകകൾ സമ്മാനിച്ചുകൊണ്ടാണ് സിസ്റ്റർ എമിലി കടന്നുപോയത്. സിസ്റ്ററിന്റെ പ്രവർത്തനമണ്ഡലങ്ങളിലെല്ലാം വളരെ ആത്മാർത്ഥതയും ത്യാഗസന്നദ്ധതയും സേവനമനോഭാവവും സംതൃപ്തിയും സിസ്റ്റർ പ്രകടമാക്കിയിരുന്നു. മറ്റുള്ളവരെ കരുതുവാനും സ്നേഹിക്കുവാനും സിസ്റ്റർ

പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പുഷ്പഗിരിയിൽ സേവനം അനുഷ്ഠിച്ച കാലയളവിൽ സിസ്റ്ററുമായി ബന്ധപ്പെട്ടവർക്കെല്ലാം സിസ്റ്ററിനെക്കുറിച്ച് സന്തോഷകരമായ ഓർമ്മകളാണ് എപ്പോഴും പങ്കുവയ്ക്കുവാനുള്ളത്. വലിയ കോപത്തോടും ഗൗരവഭാവത്തിലും പരാതികളുമായി സിസ്റ്ററിനെ സമീപിക്കുന്നവരോട് വളരെ സൗമ്യതയോടും ചെറുപുഞ്ചിരിയോടും സംസാരിച്ച് പ്രശ്നം പരിഹരിച്ച് ശാന്തമായി തിരികെ അയയ്ക്കുവാൻ സിസ്റ്ററിന് പ്രത്യേകമായ ഒരു കഴിവുണ്ടായിരുന്നു. അതേസമയം അനീതിയ്ക്കും അസത്യത്തിനും എതിരെ ശബ്ദമുയർത്താനും സിസ്റ്റർ മടിച്ചിരുന്നില്ല.

സിസ്റ്റർ എമിലിയുടെ സന്ന്യാസനിഷ്ഠാജീവിതവും, പ്രാർത്ഥനാജീവിതവും കൂടെയുള്ള സഹോദരങ്ങൾക്ക് മാതൃകാപരമായിരുന്നു. അസുഖമായിരുന്ന സന്ദർഭങ്ങളിൽ പോലും സന്ന്യാസ ജീവിതനിഷ്ഠയിൽ നിന്ന് വിടുതൽ എടുക്കുവാൻ സിസ്റ്റർ ആഗ്രഹിച്ചിരുന്നില്ല. മരിക്കുന്ന ദിവസം hospital ലിൽ കൊണ്ടുപോകുന്നതുവരെയും Community-യിലെ എല്ലാ പ്രാർത്ഥനകൾക്കും സിസ്റ്റർ സംബന്ധിച്ചിരുന്നു. സിസ്റ്റർ എമിലിയുടെ ശ്രേഷ്ഠമായ പെരുമാറ്റ ശൈലി സമൂഹത്തിന് എന്നും വിലപ്പെട്ടതായിരുന്നു. .

3 മണിയ്ക്ക് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലും, ബ. വൈദികർ, മദർ ജനറൽ ലിറ്റിൽ ഫ്ളവർ, കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും സംസ്ക്കാര ശുശ്രൂഷകൾ ആരംഭിച്ചു. കോവിഡ് പശ്ചാത്തലത്തിൽ കുറച്ചു പേർ മാത്രം സെമിത്തേരിയിലെ ശുശ്രൂഷയിൽ പങ്കുചേർന്നു. 4.30 ന് സിസ്റ്ററിന്റെ ഭൗതികശരീരം തിരുമൂലപുരം മഠം വക സെമിത്തേരിയിൽ പ്രത്യേകം സജ്ജമാക്കിയ കല്ലറയിൽ സംസ്ക്കരിച്ചു.

സന്ന്യാസനിഷ്ഠാ ജീവിതത്തിന്റെയും ത്യാഗം, സ്നേഹം, കരുതൽ, വിശാലമനസ്ക്കത എന്നിവയുടെയും ഉത്തമ മാതൃക സമ്മാനിച്ചുകൊണ്ട് കർതൃസന്നിധിയിലേക്ക് കടന്നുപോയ സിസ്റ്റർ എമിലിയുടെ പാവനാത്മാവിന് ബഥനി മക്കളുടെ സ്നേഹനിർഭരമായ ആദരാഞ്ജലികൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.



# സിസ്റ്റർ ഡൊമിനിക്ക് (TVLA.)

## (12.06.1941 – 03.01.2021)

ഞാൻ നന്നായി പൊരുതി. എന്റെ ഓട്ടം പൂർത്തിയാക്കി. വിശ്വാസം കാത്തു എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്ക് സമ്മാനിക്കും (2 തിമോ.4: 7,8).

ചെങ്ങന്നൂർ പാണ്ടനാട് അമ്പിത്തറ പാലമൂട്ടിൽ വർഗീസിന്റെയും ഇരവിപേരൂർ പടിപുരയ്ക്കൽ മറിയാമ്മയുടെയും ഇളയമകളായി 1941 ജൂൺ 12 ാം തീയതി സിസ്റ്റർ ഡൊമിനിക്ക് ജനിച്ചു. പാണ്ടനാട് സെന്റ് തോമസ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് ബ. ഏബ്രഹാം മാരേട്ടച്ചനിൽ നിന്ന് മാമോദീസായും, മൂറോനഭിഷേകവും ഏലിക്കുട്ടി എന്ന മാമോദീസാ പേരും സ്വീകരിച്ചു.

പ്രയാർ പ്രൈമറി സ്ക്കൂൾ, തിരുവൻവണ്ടൂർ മിഡിൽ സ്ക്കൂൾ, പാണ്ടനാട് എസ്.എം.എസ് എന്നീ സ്ക്കൂളുകളിൽ പഠിച്ച് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി . 1964 ൽ തിരുമൂലപുരം ബഥനി മഠത്തിൽ സന്ന്യാസാർത്ഥിനിയായി വന്ന ഏലിക്കുട്ടിയെ മദർ ഹൂബാ സ്നേഹപൂർവ്വം സ്വീകരിച്ചു. സിസ്റ്റർ ഹെലൻ, സിസ്റ്റർ നുഹറ, സിസ്റ്റർ മോനിക്ക എന്നിവരുടെ ശിക്ഷണത്തിൽ സന്ന്യാസപരിശീലനം പൂർത്തിയാക്കി. 1967 മെയ് 12 ന് തല്ക്കാലവ്രതവാഗ്ദാനവും 1973 മെയ് 15 ന് നിത്യവ്രതവാഗ്ദാനവും നടത്തി. 63 വർഷം തന്റെ സന്ന്യാസജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിച്ച് 2017 മെയ് 20 ന് സിസ്റ്ററിന്റെ സന്ന്യാസപ്രതിഷ്ഠയുടെ സുവർണ്ണ ജൂബിലി ആഘോഷിച്ചു.

ഇടവകപ്രവർത്തനങ്ങളിൽ സിസ്റ്റർ മുൻപന്തിയിലായിരുന്നു. ഇടവകയിലെ കുടുംബങ്ങളോടുള്ള സിസ്റ്ററിന്റെ ബന്ധം എടുത്തുപറയേണ്ട വസ്തുതയാണ്. വൈദിക അന്തസ്സിലേക്കും സന്ന്യാസജീവിതത്തിലേക്കും കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നേർവഴി കാണിച്ചുകൊടുക്കുന്നതിലും സിസ്റ്റർ അതീവ തല്പരയായിരുന്നു. ബഥനി സന്ന്യാസിനി സമൂഹാംഗമായിരുന്ന സിസ്റ്റർ അലോഷ്യസ് സിസ്റ്റർ ഡൊമിനിക്കിന്റെ ജ്യേഷ്ഠ സഹോദരിയായിരുന്നു.

സമൂഹത്തിൽ പല മഠങ്ങളിലും സുപ്പീര്യർ ആയും അതിരൂപതാ സ്ഥാപനങ്ങളിലും സിസ്റ്റർ സ്തുത്യർഹമായി ശുശ്രൂഷ ചെയ്തു. സമൂഹാംഗങ്ങളോട് ഒരമ്മയുടെ വാത്സല്യവും കരുതലും സ്നേഹവും നൽകി ജീവിതം ക്രിയാത്മകമായി നയിക്കുന്ന ഒരു നല്ല ഹൃദയം സിസ്റ്ററിൽ നിന്ന് അനുഭവിക്കുവാൻ കൂടെ താമസിച്ചവർക്ക് സാധിച്ചിട്ടുണ്ട്. കഠിനാദ്ധ്വാനവും സംതൃപ്തിയോടെയുള്ള ജീവിതവും സന്ന്യാസനിഷ്ഠയും പ്രസന്നതയും അധികാരികളോടുള്ള വിധേയത്വവും സമൂഹത്തോടുള്ള പ്രതിബദ്ധതയും മറ്റുള്ളവർക്ക് പ്രചോദനം നൽകുന്നവയായിരുന്നു. സമൂഹാംഗങ്ങളോടും പുറത്തുള്ളവരോടും ഉള്ള സിസ്റ്ററിന്റെ സംസാരവും പെരുമാറ്റവും പ്രവർത്തനശൈലിയും ഇളം തലമുറയ്ക്ക് എന്നും മാതൃകയും പ്രചോദനവുമായിരുന്നു.

കൂടെയുള്ള സിസ്റ്റേഴ്സിനോട് തമാശകൾ പറഞ്ഞും പൊട്ടിച്ചിരിച്ചും സന്തോഷവതിയായിട്ടാണ് എപ്പോഴും സിസ്റ്റർ കാണപ്പെട്ടിരുന്നത്. പ്രകൃതിയോടുള്ള സിസ്റ്ററിന്റെ സ്നേഹം എടുത്തു പറയേണ്ട ഒരു വസ്തുതയാണ്. സിസ്റ്റർ ജീവിച്ച സ്ഥലങ്ങളിലെല്ലാം പൂന്തോട്ടങ്ങൾ, ഫലവൃക്ഷങ്ങൾ, പച്ചക്കറിത്തോട്ടങ്ങൾ ഇവ വച്ചു പിടിപ്പിച്ച് അതിന്റെ സൗന്ദര്യം ആസ്വദിക്കുന്നത് സിസ്റ്ററിന്റെ ഹോബി ആയിരുന്നു. പ്രകൃതിസ്നേഹിയും മനുഷ്യസ്നേഹിയും ആയിരുന്ന സിസ്റ്ററിന്റെ ജീവിതം പ്രകൃതിയിലൂടെ പ്രകൃതിനാഥനിലേക്ക് ഉയരുന്നതായിരുന്നു.

ചുങ്കപ്പാറ മഠത്തിൽ ശുശ്രൂഷ നിർവഹിക്കവേ സിസ്റ്ററിന് ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുകയും വിദഗ്ധമായ പരിശോധനയിൽ സിസ്റ്ററിന് ക്യാൻസർ ആണെന്ന് കണ്ടെത്തുകയും ചെയ്തു. കോട്ടയം കാരിത്താസ് ആശുപത്രിയിൽ ചികിത്സ ആരംഭിക്കുകയും ചെയ്തു. സിസ്റ്ററിനെ പരിചരിക്കുവാനായി സിസ്റ്റർ നിർമ്മൽ എപ്പോഴും ബദ്ധശ്രദ്ധയായി കൂടെയുണ്ടായിരുന്നു. സിസ്റ്റർ തന്റെ രോഗം വളരെയധികം സന്തോഷത്തോടും ദൈവികമായും ആണ് സ്വീകരിച്ചത്. എന്റെ സഹനമെല്ലാം സമൂഹത്തിന്റെ വിശുദ്ധീകരണത്തിനുവേണ്ടി കാഴ്ച വയ്ക്കുന്നുവെന്ന് തന്നെ ശുശ്രൂഷിച്ച സിസ്റ്റേഴ്സിനോട് സിസ്റ്റർ പറഞ്ഞു. സിസ്റ്ററിന്റെ രോഗശയ്യ പ്രാർത്ഥനയുടെ ദിനങ്ങളാക്കി മാറ്റാൻ സിസ്റ്ററിന് സാധിച്ചിരുന്നു.

ഡിസംബർ 22ന് സിസ്റ്ററിന് വളരെയധികം ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടതിനാൽ ഹോസ്പിറ്റലിൽ admit ചെയ്തു. സിസ്റ്റർ ആവശ്യപ്പെട്ടതനുസരിച്ച് 26 ാം തീയതി വൈകുന്നേരം 6 മണിക്ക് സിസ്റ്ററിന്റെ കുടുംബാംഗമായ ബ. ജോസ് മരിയദാസ് ഒ.ഐ.സി അച്ചനും സിസ്റ്ററിന്റെ ജ്യേഷ്ഠത്തിയുടെ കൊച്ചുമകൻ ബ. ജോഫി വാരുവേലിൽ അച്ചനും ചേർന്ന് തൈലാഭിഷേകം നൽകി. മദർ പ്രൊവിൻഷ്യൽ മദർ ലില്ലിജോസ്, കുടുംബാംഗങ്ങളായ സിസ്റ്റർ ലിറ്റിൽ തെരേസ്, സിസ്റ്റർ കീർത്തന, സിസ്റ്റർ ഗ്ലോറിയ എന്നിവരും മറ്റ് സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു. മദർ ജനറൽ മദർ ലിറ്റിൽ ഫ്ളവറും ജനറൽ കൗൺസിലേഴ്സും സിസ്റ്ററിനെ ആശുപത്രിയിൽ വന്ന് കണ്ട് പ്രാർത്ഥിച്ചു. 27-ാം തീയതി സിസ്റ്ററിന് ഹൃദയസംബന്ധമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടതിനാൽ ഐ.സി.യു വിലേക്ക് മാറ്റി.

ഐ.സി.യു വിൽ ആയിരുന്ന സമയത്ത് മദർ ലില്ലിജോസ് അടുത്ത് ചെന്നപ്പോൾ മദറിനോടും സമൂഹാംഗങ്ങളോടും സിസ്റ്റർ ക്ഷമ ചോദിച്ചു. സിസ്റ്ററിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ടു. 2021 ജനുവരി 3-ാം തീയതി സിസ്റ്ററിന്റെ ആരോഗ്യനില വളരെ മോശമായി കാണപ്പെട്ടതിനാൽ എല്ലാവർക്കും വന്നു കാണുവാനും അടുത്ത് ഇരുന്ന് പ്രാർത്ഥിക്കുവാനുമായി സിസ്റ്ററിനെ അന്ന് ഉച്ചയ്ക്ക് 12.30 ന് റൂമിലേയ്ക്ക് മാറ്റി. ബ. ജോസ് മരിയദാസച്ചൻ, ബ. എബി ഒ.ഐ.സി അച്ചൻ, ബ. ജോഫി വാരുവേലിൽ അച്ചൻ എന്നിവർ വന്ന് പ്രാർത്ഥിക്കുകയും ആശീർവാദം നൽകുകയും ചെയ്തു.

സിസ്റ്ററിന്റെ സമീപത്ത് ഇരുന്ന് സിസ്റ്റേഴ്സ് നടത്തിയ സന്ധ്യാപ്രാർത്ഥനയിലും സിസ്റ്റർ പങ്കുചേർന്നു. അല്പസമയത്തിനുള്ളിൽ സിസ്റ്ററിന്റെ ആരോഗ്യനില തീർത്തും ഗുരുതരമാണെന്ന് മനസ്സിലാക്കി സിസ്റ്റേഴ്സ് ആശുപത്രി ചാപ്ളയിൻ ആയ ബ. ജോയിസ് നന്ദിലേത്തച്ചനെ വിളിക്കുകയും അച്ചന്റെ ആശീർവാദം സ്വീകരിച്ച് 2021 ജനുവരി 3 ാം തീയതി വൈകിട്ട് 8.30 ന് സിസ്റ്ററിന്റെ പാവനാത്മാവ് കർതൃസന്നിധിയിലേക്ക് പറന്നുയർന്നു. വിവരമറിഞ്ഞ് ഗിരിദീപം ബഥനി ആശ്രമത്തിൽ നിന്ന് ബ. ജസ്റ്റിൻ അച്ചനും, മദർ ജനറൽ മദർ ലിറ്റിൽ ഫ്ളവറും കൗൺസിലേഴ്സും മദർ പ്രൊവിൻഷ്യൽ മദർ ലില്ലി ജോസും സിസ്റ്റേഴ്സും കാരിത്താസ് ഹോസ്പിറ്റലിൽ എത്തി സിസ്റ്ററിനുവേണ്ടി പ്രാർത്ഥിച്ചു. അവിടെ നിന്ന് 11 മണിയോടുകൂടി സിസ്റ്ററിന്റെ ഭൗതികശരീരം പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ കൊണ്ടുവന്നു. ബ. ചെറിയാൻ കോട്ടയിൽ അച്ചനും ബ. തോമസ്

പരിയാരത്തച്ചനും ചേർന്ന് പ്രാർത്ഥന നടത്തിയതിനുശേഷം സിസ്റ്ററിന്റെ ഭൗതികശരീരം പുഷ്പഗിരി ആശുപത്രിയിലെ മോർച്ചറിയിൽ വച്ചു.

ജനുവരി 4 ന് രാവിലെ 8 മണിക്ക് സിസ്റ്ററിന്റെ ഭൗതികശരീരം തിരുമൂലപുരം ചാപ്പലിൽ മൊബൈൽ മോർച്ചറിയിൽ വച്ചു. 10 മണിക്ക് ബ. ജോർജ് തോമസ് ഒ.ഐ.സി സിസ്റ്ററിനുവേണ്ടി വി. കുർബ്ബാന അർപ്പിച്ചു. സിസ്റ്റർ അനേക വർഷം മിഷനു പോയിരുന്ന ഇടവകയായ മുണ്ടിയാക്കൽ ഇടവകയിലെ വികാരി ബ. അജി മണ്ണിൽ അച്ചൻ അനുസ്മരണ സന്ദേശം നൽകി. സിസ്റ്റർ തേജസ് മേരി സിസ്റ്ററിന്റെ ജീവിതത്തെക്കുറിച്ച് അനുസ്മരിച്ചു. ബ. മദർ പ്രൊവിൻഷ്യൽ മദർ ലില്ലിജോസ് എല്ലാവർക്കും നന്ദി അർപ്പിച്ചു.

3 മണിക്ക് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിലും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്, ധാരാളം വൈദികർ, മദർ ജനറൽ മദർ ലിറ്റിൽ ഫ്ളവർ, സിസ്റ്റേഴ്സ്, കുടു:ബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും സംസ്ക്കാരശുശ്രൂഷകൾ ആരംഭിച്ചു. കോവിഡ് പശ്ചാത്തലത്തിൽ കുറച്ചുപേർ മാത്രം സെമിത്തേരിയിലെ ശുശ്രൂഷയിൽ പങ്കുചേർന്നു. 4.30 ന് സിസ്റ്ററിന്റെ ഭൗതികശരീരം തിരുമൂലപുരം മഠം വക സെമിത്തേരിയിൽ പ്രത്യേകം സജ്ജമാക്കിയ കല്ലറയിൽ സംസ്ക്കരിച്ചു.

സന്ന്യാസ ജീവിതനിഷ്ഠ, ദൈവികമായ കാഴ്ചപ്പാട്, ത്യാഗം, സ്നേഹം, കരുതൽ, സഭയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധത, മിഷൻ ആഭിമുഖ്യം, പിതാക്കന്മാരോടും, വൈദികരോടും, അധികാരികളോടുമുള്ള ബഹുമാനം, വിധേയത്വം ഇവയെല്ലാം സ്വജീവിതത്തിൽ കൈമുതലാക്കി ഇളം തലമുറയ്ക്ക് മാതൃകയും പ്രചോദനവും നൽകി, സ്വർഗീയപിതാവ് തനിക്കുവേണ്ടി ഒരുക്കിയ നിത്യ സമ്മാനത്തിനായി കർത്തൃസന്നിധിയിലേക്ക് കടന്നുപോയ സിസ്റ്റർ ഡൊമിനിക്കിന്റെ പാവനാത്മാവിന് ബഥനി മക്കളുടെ ആദരാഞ്ജലികൾ.



# സി. പവിത്ര (BTY.)

**ജനനം: 28.09.1945** **മരണം: 06.02.2021**

എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു; എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു; ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു; ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു; ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുത്തു വന്നു (St. Mt 25:35-36) എന്ന യേശുനാഥന്റെ തിരുവചനം തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കി, കടന്നുവന്ന വഴിയിലും കണ്ടുമുട്ടിയ മനുഷ്യഹൃദയത്തിലും യേശുവിന്റെ കരുണാർദ്രമായ മുഖം ലോകത്തിനു മുന്നിൽ ദൃശ്യമാക്കി അനേകം കുടുംബങ്ങൾക്ക് സൗഖ്യത്തിന്റെ, കരുതലിന്റെ, സ്നേഹത്തിന്റെ, കരുണയുടെ, അണയാത്ത ദീപമായി മാറിയ ഞങ്ങളുടെ പ്രിയപെട്ട സി. പവിത്രക്ക് ബഥനി മക്കളുടെ കണ്ണീരിൽ കുതിർന്ന പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ അർപ്പിക്കട്ടെ.

ആലപ്പുഴ District ൽ കാവാലത്ത്, കൊച്ചുപുരക്കൽ കുടുംബത്തിൽ പരേതരായ മാത്യുവിന്റെയും ത്രേസ്യാമ്മയുടെയും 12 മക്കളിൽ 12-മത്തെ മകളായി 1945 സെപ്റ്റമ്പർ മാസം 28-ാം തിയതി ജനിച്ചു. ആലപ്പുഴ-കാവാലത്ത്, സെന്റ് തേരെസ് പള്ളിയിൽ വെച്ച് മാമ്മോദിസായും തുടർന്ന് മൂറോനഭിഷേകവും സ്വീകരിച്ചു. പൗളിൻ എന്നായിരുന്നു മാമ്മോദിസാ പേര്.

പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 1966-ൽ സന്യാസജീവിതത്തിലൂടെ ദൈവത്തിനു പൂർണ്ണമായി സമർപ്പിക്കാനുള്ള തീരുമാനമെടുത്ത് തിരുവല്ല ബഥനി മഠത്തിൽ സന്യാസാർത്ഥിനിയായി പ്രവേശിച്ചു. സിസ്റ്റർ ഹെലന്റെയും സിസ്റ്റർ നുഹ്റായുടെയും ശിക്ഷണത്തിൽ സന്യാസ പരിശീലനത്തിന്റെ യോഗാർത്ഥിനി പദവും, സി. മോനിക്കായുടെ നേതൃത്വത്തിൽ നോവിഷ്യേറ്റ് പരിശീലനവും പൂർത്തിയാക്കി . 1969 മെയ് 8-ാം തീയതി, തിരുവല്ലയിലെ, തിരുമൂലമഠത്തിൽ

വെച്ച്, ബഹു. മദർ ജനറൽ, മദർ ഫിലോമനായുടെയും, ബഹു. മദർ പ്രൊവിൻഷ്യൽ, മദർ മേരി മാഗ്ദലിന്റെയും സാന്നിധ്യത്തിൽ അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസിയോസ് തിരുമേനിയിൽ നിന്നും സഭാവസ്ത്രം സ്വീകരിച്ച് ആദ്യ വ്രതവാഗ്ദാനം ചെയ്ത്, സിസ്റ്റർ പവിത്ര എന്ന സന്യാസ നാമം സ്വീകരിച്ചുകൊണ്ട് ദൈവത്തിനും ദൈവജനത്തിനുമായി തന്നെ തന്നെ പ്രതിഷ്ഠിച്ചു. 1978 മെയ് 8-ാം തീയതി, ആയിരുന്നു നിത്യവ്രതവാഗ്ദാനം.

1970 കോട്ടയം മഠത്തിൽ താമസിച്ച് ബി.സി. എം College ൽ നിന്ന് PDC പാസായ സിസ്റ്റർ 1973 ഡിസംബർ മാസത്തിൽ നേഴ്സിംഗ് പഠനത്തിനായി Banglore St. Martha's നേഴ്സിംഗ് സ്ക്കൂളിൽ join ചെയ്തു. 1977 ൽ പഠനം പൂർത്തിയാക്കി തിരിച്ചെത്തി. 1980 ൽ ബത്തേരി വൈസ് പ്രൊവിൻസിലേക്ക് Opt ചെയ്ത് തന്റെ കർമ്മരംഗം ബത്തേരിയിൽ പ്രതിഷ്ഠിച്ചു. സമൂഹത്തിന്റെ പല മഠങ്ങളിലും ജർമനിയിൽ സ്റ്റഡ്ലോൺ, സ്റ്റുറ്റ്ഗാർട്ട് എന്നിവിടങ്ങളിലായിരുന്നുകൊണ്ട് അനേകം മക്കൾക്ക് സാന്ത്വനത്തിന്റെ കരങ്ങൾ നീട്ടി. ആതുരശുശ്രൂഷയിൽ വളരെ ത്യാഗബുദ്ധിയോടും, നിസ്വാർത്ഥമായും മൈലുകൾ നടന്ന് എത്ര ക്ലേശകരവും ബുദ്ധിമുട്ടുള്ളതുമായ ശുശ്രൂഷകൾ ചെയ്യുമായിരുന്നു. അതോടൊപ്പം ഡോ. സിസ്റ്റർ സ്കൊളാസ്റ്റിക്കായോട് ചേർന്ന്, സിസ്റ്റർ പവിത്ര മനുഷ്യശരീരങ്ങളെ കാർന്നുതിന്നുന്ന ക്യാൻസർ എന്ന മാറാരോഗത്തിനിരയായി കഷ്ടപ്പെടുന്ന രോഗികൾക്കുവേണ്ടിയുള്ള Pain and Pallietive, *സാന്ത്വനം* എന്ന ക്ലിനിക്കുകളിൽ ശുശ്രൂഷ ചെയ്തു.

സന്യാസത്തിന്റെ ഒളിമങ്ങാത്ത ജീവിത സുകൃതത്തിലൂടെ സമർപ്പിത ജീവിതത്തിന്റെ ആനന്ദം അനുഭവിച്ച വ്യക്തിത്വത്തിന്റെ ഉടമയാണ് സിസ്റ്റർ പവിത്ര. രോഗീസന്ദർശനവും, രോഗീപരിചരണവും സിസ്റ്ററിന്റെ മുഖമുദ്രയാണ്. പാവപ്പെട്ട രോഗികളെ മെഡിക്കൽ കോളേജിലും മറ്റ് ഹോസ്പിറ്റലുകളിലും ചികിത്സാക്കായി കൊണ്ടുപോകുന്നതിലും, വേണ്ട സഹായം ചെയ്യുന്നതിലും സിസ്റ്റർ പ്രത്യേകം താൽപര്യം കാണിച്ചിരുന്നു. പ്രത്യേകിച്ച്, ബഹു. വൈദികരും, സിസ്റ്റേഴ്സും, സിസ്റ്റേഴ്സിന്റെ മാതാപിതാക്കളും മറ്റ് സഹോദരങ്ങളും



രോഗികളാകുമ്പോൾ അവരെ പോയി കാണുന്നതിനും, സാന്ത്വനപ്പെടുത്തുന്നതിനും അവരുടെ മരണാവസരത്തിൽ അവിടെ എത്തി വേണ്ട ശുശ്രൂഷകൾ ചെയ്യുന്നതിനും സിസ്റ്റർ കാണിക്കുന്ന നല്ല മനസ്സും, ത്യാഗവും ഏറ്റവും ശ്ലാഘനീയമാണ്. അതുപോലെ കൂടെയുള്ള സിസ്റ്റേഴ്സിനോടുള്ള സിസ്റ്ററിന്റെ കരുതലും, സ്നേഹവും എടുത്തു പറയേണ്ടതാണ്.

ജനറൽ കൗൺസിലർ, പ്രൊവിൻഷ്യൽ കൗൺസിലർ, സുപ്പീരിയർ, തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചുകൊണ്ട് ബഥനി സന്യാസിനി സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചക്ക് ഏറെ സംഭാവനകൾ നൽകി. സമൂഹാധികാരികൾ ഏൽപ്പിച്ച എല്ലാ ദൗത്യങ്ങളും ഉത്തരവാദിത്വത്തോടും വിധേയത്വത്തോടും പൂർത്തിയാക്കുവാൻ സിസ്റ്റർ ആത്മാർത്ഥമായി പരിശ്രമിച്ചു. ഇതോടൊപ്പം തന്നെ മിഷൻ പ്രവർത്തനത്തിന് വളരെയധികം പ്രാധാന്യം കൽപ്പിക്കുകയും, ചുറ്റുപാടുമുള്ള ഇടവകകളും, വീടുകളും കയറിയിറങ്ങി മരുന്നുകളും ചികിത്സയും നൽകുകയും, അമ്മമാർക്ക് തങ്ങളുടെ കുടുംബാംഗങ്ങളുടെ ആരോഗ്യം എങ്ങനെ സംരക്ഷിക്കണം എന്നതിനെക്കുറിച്ച് ക്ലാസുകളും, നിർദ്ദേശങ്ങളും നൽകുകയും ചെയ്തിരുന്നു. മാത്രമല്ല സണ്ടേസ്കൂൾ പഠിപ്പിക്കുന്നതിലും ഭവനസന്ദർശനം നടത്തുന്നതിലും സിസ്റ്റർ വളരെ താൽപര്യവും, സമർപ്പണ മനോഭാവവും കാണിച്ചിരുന്നു.

2007 മുതൽ സിസ്റ്ററിന്റെ മാനസികവും ശാരിരികമായ ആരോഗ്യനില നഷ്ടപെട്ട അവസ്ഥയിൽ കാണപെട്ടു. അതെ തുടർന്ന് പല ചികിത്സകളും ചെയ്തു കൽപറ്റ, പീസ് ഹോം എന്നി ഭവനങ്ങളിൽ ആയിരിന്നുകൊണ്ട് Treament-ഉം വിശ്രമവുമായി ചെലവഴിച്ചു. പിന്നിട് ഹാർട്ടിന് ചെറിയ വേരിയേഷൻ ഉണ്ടെന്ന് മനസ്സിലാക്കിയതിനാൽ ചികിൽസയിലായിരുന്നു. വിശ്രമജീവിതവുമായി കഴിയവെ 2021 ഫെബ്രുവരി മാസത്തിൽ പീസ് ഹോമിൽ കോവിഡ് പൊസ്സിറ്റീവ് കേസ് ഉണ്ടെന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ സിസ്റ്റേഴ്സ് എല്ലാവരും test നടത്താൻ പോയിരുന്നു. പക്ഷെ റിസൽട്ട് വരുന്നതിന് മുമ്പ് ഫെബ്രുവരി 6-ാം തീയതി ഉച്ച കഴിഞ്ഞ് 3.00 മണിക്ക് സിസ്റ്ററിന് ഒരു

Silent attack- ഉണ്ടണ്ടാകുകയും, പെട്ടന്ന് സിസ്റ്റർ ഉദയയും സിസ്റ്റർ റോസറ്റയും ചേർന്ന് അസംപ്ഷൻ ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും സിസ്റ്ററിന്റെ പാവാനത്മാവ് ദൈവസന്നിധിയിലേക്ക് പറന്നുയരുകയും ചെയ്തു..

സിസ്റ്റർ പവിത്രയുടെ മരണവാർത്ത അറിഞ്ഞ ഉടനെ ബഹുമാനപ്പെട്ട മദർ പ്രൊവിൻഷ്യൽ മദർ പരിമള, അഭിവന്ദ്യ പിതാവിനെയും, Social Service Director ആയ ബഹു. സെബാസ്റ്റിൻ ഇടയത്തച്ചനെയും വിവരം അറിയിക്കുകയും, അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശ പ്രകാരം ബഹു. സെബാസ്റ്റിൻ ഇടയത്തച്ചനും, അച്ചന്റെ team അംഗങ്ങളും മൂലങ്കാവ് ഫോർമേഷൻ ഹൗസിൽ ഓടി എത്തുകയും മൃതസംസ്ക്കാര ചടങ്ങുകൾക്ക് വേണ്ട ക്രമീകരണങ്ങൾ Covid 19-ന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ചെയ്യുവാൻ സഹായിക്കുകയും ചെയ്തു. ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശപ്രകാരം മൃതശരീരം അന്ന് രാത്രിയിൽ തന്നെ സംസ്ക്കരിക്കേണ്ടതുകൊണ്ട് അതിനുള്ള എല്ലാ ക്രമീകരണങ്ങളും അസിസ്റ്റന്റ് പ്രൊവിൻഷ്യൽ ആയ ബഹു. സിസ്റ്റർ തനുജയുടെ നേതൃത്വത്തിൽ നടന്നു.

7:30 pm ന് മൃതശരീരം മൂലങ്കാവ് ഫോർമേഷൻ ഹൗസിന്റെ ചാപ്പലിൽ വളരെ സുരക്ഷിതമായി വെക്കുകയും അഭിവന്ദ്യ പിതാവും, ചാൻസലർ, ബഹു. ഫിലിപ്പ് വെട്ടിക്കാട്ടിലച്ചനും, മൂലങ്കാവ് ഫോർമേഷൻ ഹൗസിന്റെ ചാപ്ലേൻ, ബഹു. തോമസ് തുണ്ടിയിലച്ചനും, സെക്രട്ടറി, ബഹു. ഏലിയാസ് പന്തപ്പിള്ളിലച്ചനും സിസ്റ്ററിന്റെ കുടുംബാംഗങ്ങളും, സിസ്റ്റേഴ്സും ചേർന്ന് പ്രാർത്ഥനകൾ നടത്തി. ഏകദേശം രാത്രി 12 മണിയോടെ മൃതസംസ്ക്കാരം നടന്നു. സിസ്റ്റേഴ്സിന് വരുവാൻ സാധിക്കാത്തതിനാൽ ആ സമയം ബഹു. മദർ പ്രൊവിൻഷ്യൽ, മദർ പരിമളയുടെ നിർദ്ദേശ പ്രകാരം ബത്തേരി പ്രൊവിൻസിന്റെ എല്ലാ ഹൗസ്സുകളിലും പ്രാർത്ഥനകളും ആരാധനകളും നടന്നു. സമർപ്പണ ജീവിതത്തിന്റെ 52 വർഷങ്ങൾ പൂർത്തിയാക്കി നിത്യ സമ്മാനത്തിനായി നാഥന്റെ പക്കലേക്ക് പോയ സിസ്റ്റർ പവിത്രയുടെ ത്യാഗവും, അദ്ധ്വാനവും, ആദ്ധ്യാത്മികജീവിതവും, ലാളിത്യവും, കരുണയും,



സ്നേഹവും, സഹോദരങ്ങളായ നമുക്ക് ഒരിക്കലും മറക്കാനാവുകയില്ല. ഞങ്ങളെയെല്ലാം ദു:ഖത്തിലാഴ്ത്തി ദൈവപിതാവിന്റെ സന്നിധിയിലേക്ക് കടന്നു പോയ സിസ്റ്റർ, തന്റെ പിൻഗാമികൾക്ക് അനുകരണാർഹമായ ഒരുപിടി നല്ല കാര്യങ്ങൾ അവശേഷിപ്പിച്ചുകൊണ്ട് നിത്യതയിലേയ്ക്ക് കടന്നുപോയി. അനേകായിരം മക്കൾക്ക് സാന്ത്വനം നൽകിയ സിസ്റ്റർ പവിത്രയുടെ ഓർമ്മ എന്നും ബഥനിയിൽ നിലനിൽക്കട്ടെ.... ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട സിസ്റ്റർ പവിത്രക്ക് ബഥനി മക്കളുടെ പ്രാർത്ഥനാപൂർവ്വമായ ഒരായിരം ആദരാഞ്ജലികൾ........

# മറുകര

**Sr. Ivana SIC**
II<sup>nd</sup> നോവിഷ്യേറ്റ്

ജീവിതം ഒരു യാത്രയാണ്. അന്വേഷണത്തിന്റെ, ആഗ്രഹങ്ങളുടെ, പ്രതീക്ഷയുടെ ഒക്കെ ഭാണ്ഡം വഹിച്ചുകൊണ്ടുള്ള ഒരു യാത്ര. എല്ലാ യാത്രകൾക്കും ഒരു ലക്ഷ്യം ഉണ്ട്. ജീവിതത്തിന്റെ സായാഹ്നത്തോട് അടുക്കുമ്പോൾ ഒരുവൻ ആത്മപരിചിന്തനം നടത്തുന്നത് തന്റെ യാത്രയുടെ ലക്ഷ്യത്തിൽ എത്താൻ സാധിച്ചോ എന്നതാണ്.

യേശുവും തന്റെ ജീവിതത്തിലുടനീളം ഒരുപാട് യാത്രകൾ നടത്തുന്നുണ്ട്. പരി.അമ്മയുടെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ എലിസബത്തിനെ സന്ദർശിക്കാനുള്ള യാത്ര. ജനിച്ച ഉടനെ ബേത്‌ലഹേമിൽ നിന്ന് നസ്രത്തിലേക്കുള്ള യാത്ര. അങ്ങനെ തുടങ്ങി കാൽവരിക്കുന്ന് വരെ അവന്റെ യാത്ര തുടർന്നു. യൗവനത്തിന്റെ ഇതൾ പുഷ്പിച്ച് സൗരഭ്യം പരത്തേണ്ട പ്രായത്തിൽ അവൻ ലോകത്തിന്റെ പാപപരിഹാരത്തിനായ് സ്വജീവൻ സമർപ്പിച്ച് തന്റെ തിരുരക്തത്താൽ വിശുദ്ധിയുടെ പരിമളം ലോകത്തിലേക്ക് വീശി. ഇതിനിടയിൽ യേശു തന്റെ ശിഷ്യരുമൊത്ത് നടത്തുന്ന കുറെ യാത്രകൾ പൗരോഹിത്യ, സമർപ്പിത ജീവിതങ്ങൾക്ക് വെളിച്ചം പകരുന്നു. അതാണ് മറുകര തേടിയുള്ള അവന്റെ യാത്ര (വി. യോഹ 6:16-24). യേശുവിന്റെ ശിഷ്യന്മാർ കടലിനക്കരയ്ക്ക് യാത്ര ചെയ്യുന്നു. അവർ ആയിരിക്കുന്ന അവസ്ഥയിൽ നിന്നും ആയിരിക്കേണ്ട അവസ്ഥയിലേക്കുള്ള യാത്ര. അയയ്ക്കപ്പെടുന്നവനു മുന്നിൽ ഒരു ദൗത്യം ഉണ്ട്. ലോകത്തിലായിരുന്നുകൊണ്ട് ലോകത്തിന്റേതല്ലാതെ ജീവിച്ച് ക്രിസ്തുവിനെ ലോകത്തിന് നൽകുക. ഇവിടെ ക്രിസ്തു ശിഷ്യരുടെ യാത്ര പൂർണ്ണമാകുന്നു. ശിഷ്യന്റെ യാത്രയിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം എപ്പോഴും ഉണ്ടായിരിക്കണം. ഈ സാന്നിദ്ധ്യം നഷ്ടപ്പെടുമ്പോൾ ജീവിതയാത്രയിൽ ആടി ഉലയും, അലറുന്ന തിരമാലകൾക്ക് മുമ്പിൽ



ഭയത്തോടെ നിൽക്കേണ്ടിവരും. അപ്പോഴും നീ മറന്നുപോകരുത് യാത്രയിലുടനീളം നിനക്ക് കൂട്ടായി നിൽക്കുന്ന ക്രിസ്തുവിനെ. ഇടയ്ക്ക് എപ്പോഴോ അവനെ വിസ്മരിച്ച് യാത്ര ചെയ്തു. നീ തിരിച്ചറിയണം നിന്റെ ഗുരു ഒപ്പമില്ലാത്ത യാത്രകൾ പാഴ്നിലങ്ങളാണെന്ന്. മുങ്ങികപ്പൽ ഓടിക്കുന്ന കപ്പിത്താൻ ഒരിക്കലും കടലിന് മുകളിലെ അട്ടഹാസങ്ങൾ അറിയുന്നില്ല. മറിച്ച് കടലിനുള്ളിലെ ആഴമായ ശാന്തത അനുഭവിക്കുന്നു. ഇതുപോലെ 33 വയസ്സുകാരനായ തച്ചന്റെ പിറകെ ഇറങ്ങി തിരിച്ച് മറുകരയിൽ എത്തിച്ചേരാൻ ആഗ്രഹിച്ച് ജീവിതം ബലിയായി സമർപ്പിച്ചവർ യാത്ര തുടർന്നുകൊണ്ടേയിരിക്കണം. ക്രിസ്തുവിന്റെ കരങ്ങളിൽ പിടിച്ചുകൊണ്ട് കാലത്തിന്റെ ഒഴുക്കിൽ യാത്രകൾ ദുഷ്കരമാകുമ്പോൾ മിഴിപൂട്ടി ധ്യാനിക്കണം.

നെഞ്ചോട് ചേർത്ത് പിടിക്കാൻ ഒരു ബൈബിളും കരങ്ങളിൽ മുറുകെ പിടിക്കാൻ ഒരു ജപമാലയും കൺപോളകൾ അടയ്ക്കുമ്പോൾ, മനസ്സിൽ തെളിഞ്ഞുവരുന്ന ക്രൂശിതനായ ക്രിസ്തുവിന്റെ തിരുമുഖവും...

ഇവ സ്വന്തമാക്കാൻ സാധിച്ചാൽ സമർപ്പിത ജീവിതം അർത്ഥമുള്ളതായി മാറും.

ഇനിയും യാത്രകൾ ക്രിസ്തുവിനുവേണ്ടിയാകണം...

അർത്ഥപൂർണ്ണമായ യാത്രകൾ...

മറുകര തേടിയുള്ള യാത്ര...

# നിത്യതയിലേക്ക് പ്രാർത്ഥനയിൽ ഓർക്കാം

സിസ്റ്റർ പ്രീതയുടെ (തിരുവല്ല) പ്രിയ പിതാവ് ഉണ്ണി വർഗീസ് (62) മടത്തോലിൽ പര്യാന്ത് 09.12.2020-ൽ കർത്താവിൽ നിദ്ര പ്രാപിച്ചു.

സിസ്റ്റർ സ്വസ്തിയുടെ (ബത്തേരി) വൽസല പിതാവ്, ആഗസ്തി എസ്തപ്പാൻ വല്ലൂരാൻ (89) 25.12.2020-ൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

സിസ്റ്റർ ഫ്രാൻസിസ്കയുടെ (തിരുവനന്തപുരം) വത്സല പിതാവ് കലയപുരം, മരുതൂർ വടക്കതിൽ, ബാബു യോഹന്നാൻ (59) 09.01.2021-ൽ കർത്താവിൽ നിദ്ര പ്രാപിച്ചു.

സിസ്റ്റർ സത്യ, സിസ്റ്റർ ജ്യോതി (ബത്തേരി) എന്നിവരുടെ വൽസല പിതാവ്, കെ സി വർക്കി, കൊല്ലകൊമ്പിൽ (78) 10.01.2021-ൽ ഭാഗ്യമരണം പ്രാപിച്ചു.

സിസ്റ്റർ പ്രേഷിതയുടെ (തിരുവല്ല) വൽസല മാതാവ്, ഏലിയാമ്മ കുറുകുഞ്ഞിയിൽ (73) 17.01.2021-ൽ കർത്താവിൽ നിദ്ര പ്രാപിച്ചു.

സിസ്റ്റർ അഭിഷിക്തയുടെ (തിരുവല്ല) വത്സലമാതാവ് അന്നക്കുട്ടി മാണി (93) തരണയിൽ 09.02.2021-ൽ ഭാഗ്യമരണം പ്രാപിച്ചു.

സിസ്റ്റർ ട്രീസായുടെ (തിരുവനന്തപുരം) വത്സല മാതാവ് കൊട്ടാരക്കര കുറ്റിവിള വീട്ടിൽ പൊടിയമ്മ (73) 11..02.2021-ൽ നിര്യാതയായി.

സിസ്റ്റർ അർച്ചനയുടെ (തിരുവല്ല) പ്രിയ പിതാവ് പി.റ്റി. ജോസഫ് (78) പാക്കാനിക്കുഴിയിൽ 21.02.2021-ൽ കർതൃസന്നിധിയിലേക്ക് വാങ്ങിപോയി.



സിസ്റ്റർ സംലഭ്യ, സിസ്റ്റർ ജീൻമേരി, സിസ്റ്റർ ജൂഡി (തിരുവല്ല) എന്നിവരുടെ വത്സല പിതാവ് എ.സി. വറുഗീസ് (89) ഏറത്ത് 24.02.2021-ൽ ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു.

സിസ്റ്റർ മരിയാനന്ദയുടെ (തിരുവല്ല) വത്സല പിതാവ് പുതുപറമ്പിൽ തോമസ് ആന്റണി (65) 24.02.2021-ൽ നിര്യാതനായി.

സിസ്റ്റർ സിൽവി, സിസ്റ്റർ കൊച്ചുറാണി (തിരുവല്ല) എന്നിവരുടെ പ്രിയ പിതാവ് സി. സി. കുറിയാക്കോസ് (77) ചെറുപുഴത്തോട്ടത്തിൽ 27.02.2021-ൽ കർത്താവിൽ നിദ്ര പ്രാപിച്ചു.

**വത്സല മാതാപിതാക്കളുടെ ദേഹവിയോഗത്തിൽ ദു:ഖാർത്തരായ സിസ്റ്റേഴ്സ് ഓരോരുത്തർക്കും ദൈവം സമാശ്വാസം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പരേതാത്മാക്കൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.**

# പ്രാർത്ഥനയിൽ ഓർക്കാം

## APRIL

| | |
|---|---|
| 01. Sr. Felicia | TVM. |
| 03. Sr. Jacintha | TLA |
| 03. Sr. Reeha | PTA |
| 05. Mother Salga | |
| 09. Sr. Pauline | TLA |
| 10. Sr. Mary Xavier | TLA |
| 11. Sr. Haniya | PTA |
| 12. Sr. Stanislaus | BTY |
| 12. Sr. Vimala | BTY |
| 13. Sr. Bridgit | TLA |
| 15. Mother Maxa | |
| 15. Sr. Brikas | TVM |
| 16. Sr. Regina | MPA |
| 20. Sr. Mary Ann | MPA |
| 22. Sr. Clara | MPA |
| 27. Sr. Damien | TVM |
| 29. Sr. James | TLA |

## MAY

| | |
|---|---|
| 01. Sr. Sebia | TVM |
| 03. Sr. Archana | TVM |
| 04. Sr. Martha | TLA |
| 05. Sr. Nirmala | BTY |
| 09. Sr. Monica | TLA |
| 11. Sr. Rita Mary | MPA |
| 13. Mother Denaha | |
| 18. Sr. Segdas | TVM |
| 19. Sr. Smirtha | TVM |
| 24. Sr. Bernaditha | TLA |
| 27. Sr. Agnes | PTA |
| 31. Sr. Beninja | TLA |

## JUNE

| | |
|---|---|
| 03.Sr. Philomena | TLA |
| 07. Sr. Annunciatta | TLA |
| 08. Sr. Ivania | PTA |
| 14. Sr. Ann | TLA |
| 19. Sr. Thara | BTY |
| 22. Sr. Felix | TLA |
| 22. Sr. Mary | TLA |
| 23. Sr. Anasthasia | TVM |
| 25. Sr. Seraphia | TLA |
| 25. Sr. Mary Magdaline | TLA |
| 25. Sr. Rumsa | TLA. |
| 28. Sr. Mettilda | TLA |
| 30. Sr. Suseela | TLA |